# ചെങ്കതിരുകൾ

(Malayalam)

# Chemkathirukal

Poems

**By G. SANKARA KURUP**

Bhadralayam, Ernakulam

First Published May 1945

Reprinted September 1950, May 1955, May 1962, May 1975

Printed at

BHAVANA PRESS, COCHIN-15

Price Rs. 2.50

Copyright: P. Subhadra Amma

Published by P. Subhadra Amma

*Distributed by*

The Vidyarthi Mithram Press & Book Depot

KOTTAYAM, CALICUT, PALGHAT, ERNAKULAM

# ചെങ്കതിരുകൾ

JAWAHAR BALBHAVAN ... CHILDREN'S ... LIBRARY
7138

ജി. ശങ്കരക്കുറുപ്പ്

വിതരണം:

വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്കുഡിപ്പോ

ബേക്കർ റോഡ് കോട്ടയം

വില ക. 2.50

## 'ജി.'യുടെ കൃതികൾ

| | |
|---|---|
| ജി. യുടെ തെരഞ്ഞെടുത്ത കവിതകൾ | (കവിതകൾ) |
| അന്തർദാഹം | ,, |
| വെള്ളിൽപ്പറവകൾ | ,, |
| ചെങ്കതിരുകൾ | ,, |
| നവാതിഥി | ,, |
| ഇതളുകൾ | ,, |
| സാഹിത്യകൗതുകം (4 ഭാഗങ്ങൾ) | ,, |
| സൂര്യകാന്തി | ,, |
| പൂജാപുഷ്പം | ,, |
| പഥികന്റെ പാട്ട് | ,, |
| നിമിഷം | ,, |
| മുത്തുകൾ | ,, |
| വിശ്വദർശനം | ,, |
| പാഥേയം | ,, |
| ജീവനസംഗീതം | ,, |
| വനഗായകൻ | ,, |
| മധുരം, സൗമ്യം, ദീപ്തം | ,, |
| ഓടക്കുഴൽ | ,, |
| സാന്ധ്യരാഗം | ,, |
| വിലാസലഹരി (തർജ്ജമ) | (ഖണ്ഡകാവ്യം) |
| മേഘച്ഛായ ,, | ,, |
| ഇരുട്ടിനു മുമ്പ് | (നാടകം) |
| സന്ധ്യ | ,, |
| ഗദ്യോപഹാരം | (ലേഖനങ്ങൾ) |
| ലേഖമാല | ,, |
| ജി.യുടെ നോട്ട് ബുക്ക് | ,, |
| മുത്തും ചിപ്പിയും | ,, |
| ഇളംചുണ്ടുകൾ | (ബാലസാഹിത്യം) |
| ഓലപ്പീപ്പി | ,, |
| കാറേ വാ | ,, |

# കവിതകൾ


| | പേജ് |
|---|---|
| ഭാരതഹൃദയം | 9 |
| രക്തബിന്ദു | 13 |
| കൊച്ചമ്മ | 16 |
| ഒരു ഗാനം | 20 |
| ആരാമത്തിൽ | 23 |
| ആ ചോദ്യചിഹ്നം | 27 |
| ജൈത്രപടഹം | 31 |
| ക്ഷമാപണം | 37 |
| വൃദ്ധ | 40 |
| പ്രതികാരം | 45 |
| വേട്ടക്കാരൻ | 52 |
| പൂജ | 55 |

*A good poem helps to change the shape and significance of the Universe, helps to extend everyone's knowledge of himself and the world around him.*

—*DYLAN THOMAS*

''നാം കാത്തിരിക്കുന്ന നവ്യപ്രഭാതത്തിൻെറ ചെങ്കതിരുകൾ ഈ 'ചെങ്കതിരു'കളിൽ ഒളിവീശുന്നുണ്ടോ എന്ന് എനിക്കു നിശ്ചയമില്ല. കാലം എൻെറ ഹൃദയത്തിൽ വിതച്ച അനുഭവങ്ങൾ മുളച്ചുവളർന്നു വിളഞ്ഞതാണിവ. ഈ കതിരുകൾക്കു ചുവപ്പുണ്ടെങ്കിൽ, എൻെറ ഹൃദയരക്തത്തിൻെറ തുടുപ്പാണതു് ഉളവാക്കിയിട്ടുള്ളതു്. പതിരും ഉതിരും തിരിച്ചു് അളന്നു വില നിർണ്ണയിക്കേണ്ടതു് സാഹിത്യവ്യാപാരം സുപരിചിതമായ ഹൃദയാലുക്കളാകുന്നു. ഞാനൊഴിഞ്ഞു് ഒതുങ്ങിനിന്നേക്കാം''

—ജി

# ഭാരതഹൃദയം*

വേടനായിരുന്നേക്കാം
  പ്രാകൃതസാമ്രാജ്യത്തിൻ-
ക്രുദ്ധമാം വിശപ്പിനാ-
  ലായുധമേന്തും ശത്രു;[1]

പേടമാനല്ലെ,ന്നാലീ-
  ബ്ഭാരതം മയങ്ങാനാ-
ക്കാടനാലപിച്ചീടും-
  സ്വാതന്ത്ര്യഗാനം കേട്ടാൽ.[2]

---

* ഫാഷിസ്റ്റ്ജപ്പാൻ 'സ്വാതന്ത്ര്യ'പ്പാട്ടുപാടി ആസ്സാമിനെ ആക്രമിച്ച അവസരത്തിലെഴുതിയത്.

1 പരിഷ്കൃതരായ അന്യരാജ്യാക്രമികളുടെ സാമ്രാജ്യദുർമ്മോഹം, കാട്ടിൽപ്പോയി വേട്ടയാടി വിശപ്പടക്കുന്ന പഴയ വേടന്മാരുടെ വികാരത്തോടു തുല്യമാണ്; അത്ര പ്രാകൃതമാണ്. ക്രുദ്ധമാം വിശപ്പ് = മൂത്തു മൂത്തു സഹിക്കവയ്യാതായിത്തീർന്ന കൊതി. ('വിശപ്പ്' പ്രാകൃതനായ വേടനെ കുറേക്കൂടി ക്രൂരനാക്കുന്നു.)

2 അമ്പെയ്യുന്നതിനുമുമ്പ മാനിനെ മയക്കി അരികിലേക്കു വരുത്തുവാൻ വേടന്മാർ ചില പാട്ടുപാടാറുണ്ട്; പക്ഷേ, ഫാഷിസ്റ്റ് വേടന്റെ 'സ്വാതന്ത്ര്യ'ഗാനത്തിൽ ഇന്ത്യ മയങ്ങുകയില്ലെന്നു സാരം. ഇന്ത്യൻ ദേശീയത്വം അച്ചുതണ്ടുശക്തികളിലാണ് വിശ്വാസമർപ്പിച്ചിരുന്നതെന്നും അർപ്പിക്കുന്നതെന്നുമുള്ള അപവാദത്തിന്നു മറുപടി.

മോചനം തരും പോലും!
[3]'ശാന്തസാഗരത്തി'ന്റെ
മേചകവിരിപ്പി[4]ലേ-
ക്കൊന്നു നോക്കിയാൽക്കാണാം

തോലുടൻ പൊളിക്കുവാൻ
നിരത്തിക്കിടത്തിയ-
പോലവേ വിറങ്ങലി-
ച്ചീടിന രാഷ്ട്രങ്ങളെ[5]

ബാണവിദ്ധമാ, [6]യന-
ങ്ങീടുവാനാകാ, തർദ്ധ-
പ്രാണമായ്, മുക്തി[7]ക്കട്ട-
ത്തെത്തിയ നാടാണെല്ലാം!

---

3 ജാപ്പ് പ്രക്ഷേപണികളുടെ പുല്ലാംകുഴൽവിളി.

4 പാസിഫിക് സമുദ്രത്തിന്റെ കറുത്തു നീലച്ച മുകൾപ്പരപ്പ്. 'ശാന്തമായ ആ രംഗത്തെ രാജ്യലോഭം എത്ര അശാന്തമാക്കിയിരിക്കുന്നു!'

5 ജപ്പാൻ വെട്ടിപ്പിടിച്ച മലയ, ഈസ്റ്റ് ഇൻഡീസ്, ഫിലിപ്പൈൻദ്വീപുകൾ മുതലായ കിഴക്കൻ രാഷ്ട്രങ്ങളും ദ്വീപുകളും കടലിന്റെ കറുത്ത വിരിപ്പിൽ, തണുത്തു മരവിച്ചുകിടക്കുന്നു—വേടൻ അവയെ തൊലിയുരിച്ചു തിന്നാൻപോവുകയാണ്.

6 അമ്പ് അവയുടെ ഹൃദയത്തിൽത്തറഞ്ഞിരിക്കുന്നു.

7 'മുക്തി'—മരണം. ജപ്പാൻ വിഴുങ്ങിയ ഈ രാഷ്ട്രങ്ങൾക്ക് ഇങ്ങനെയാണ് 'മുക്തി' അഥവാ, 'മോചനം', 'സ്വാതന്ത്ര്യം' ലഭിക്കുന്നതെന്നു ധ്വനി.

പ്രാചിയാ[8] നിണംവാർന്നു
വിങ്ങിടും ദ്വീപുകളെ
വീചിയാൽ[9] തലോടിയും
കരഞ്ഞും കഴിയുന്നു.

ദീനയാ, യപഹൃത-
സർവ്വസ്വ[10]യായെന്നാലും,
'ചീന'തൻ പുളകദ-
ചരിതം ഞാനോർമ്മിപ്പൂ.

വൃദ്ധനാം ഹിമവാൻെറ[11]
രണ്ടു കൈകളിൽത്തൂങ്ങി-
ബ്ബദ്ധകൗതുകമാടി-
പ്പാടിയങ്ങനെ ഞങ്ങൾ

---

8 പൗരസ്ത്യദിങ്മാതാവ്.

9 'ശാന്തസാഗര'ത്തിലെ നേരിയ ഓളങ്ങൾ. തൊലിയുരിഞ്ഞ്. രക്തം വാർന്ന്, മരണോന്മുഖങ്ങളായിക്കിടക്കുന്ന ആ കൊച്ചു രാഷ്ട്രങ്ങളുടെ ദാരുണമായ ദുർദ്ദശയിൽ കിഴക്കൻ ചക്രവാളമാകെ സഹതപിക്കുന്നു, കരയുന്നു.

10 ചീനയെപ്പോലെ ഇങ്ങനെ സർവ്വസ്വവുമപഹരിക്കപ്പെട്ട മറെറാരു രാജ്യവുമില്ല; അവിടെയാണ് യുദ്ധം ഏററവുമധികംകാലം നീണ്ടുനിന്നിട്ടുള്ളത്. ഗതാഗതമാർഗ്ഗങ്ങൾ, പട്ടണവ്യവസായങ്ങൾ, കനകം വിളയുന്ന ലോകോത്തരങ്ങളായ ധാന്യവയലുകൾ, വിശ്വവിശ്രുതങ്ങളായ ലോഹഖനികൾ, കുലസ്ത്രീകളുടെ ചാരിത്രം, കുഞ്ഞുകുട്ടികളുടെ ആയുസ്സ്, വിദ്യാർത്ഥികളുടെ പഠിപ്പ്, കലാഹർമ്മ്യങ്ങൾ, ലൈബ്രറികൾ—സർവ്വസ്വവും അക്രമി അപഹരിച്ചിട്ടുണ്ട്.

11 തല നരച്ച ഹിമാലയപർവ്വതം. ഏഷ്യാഭൂഖണ്ഡത്തിൻെറ ഏററവും പുരാതനമായ ഭാഗം ഹിമവാൻ, ടിബററ് എന്നീ പർവ്വതപ്പരപ്പാണെന്നു ഭൂഗോളശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേളിയിൽ നയിച്ചൊരa-
ക്കാലം[12] പോയാലും തോഴി-
യ്ക്കാളിടും മഹാദുഃഖ-
മെനിക്കും മഹാദുഃഖം.

പോക! ദൂരെ നീ പോക,
ലുബ്ധക![13] നിൻ കൈയിന്മേ-
ലാകവേ പുരണ്ടൊരീ-
സ്സാധുരക്തത്തിൻ പങ്കം

നീയിനികഴുകുവാൻ
നിർബ്ബദ്ധനായിത്തീരും,
നീതിയെന്നൊന്നുണ്ടെങ്കിൽ,
നിൽക്കാത്ത നിൻകണ്ണീരാൽ.[14]

പാരതന്ത്ര്യത്തിൽദ്ദേഹം
കുടുങ്ങിക്കിടന്നാലും
ഭാരതഹൃദന്തത്തി-
ലില്ല ചങ്ങലയിന്നും.

---

12 ഹ്യൂയൻസാങ്ങ്, ഫാഹിയൻ മുതലായ ചൈനീസ് പണ്ഡിതന്മാർ ഭാരതം സന്ദർശിച്ച പുസ്തകങ്ങളെഴുതിയ കാലം; ഇന്ത്യയിൽ മുളച്ച ബുദ്ധമതം പടർന്നു പന്തലിക്കാൻ ചൈനയിലേക്കു കടന്നുചെന്ന കാലം.

13 ലുബ്ധകൻ=വേടൻ. അക്രമി, കൊള്ളക്കാരൻ.

14 തലവന്മാർ ചെയ്ത അക്രമങ്ങൾക്കു നാളത്തെ ജപ്പാനിലെ ജനത പശ്ചാത്തപിക്കും.—ഇന്ത്യക്കു നീതിയുടെ അവസാന വിജയത്തിൽ വിശ്വാസമുണ്ട്. കാരണം ഒടുവിലത്തെ വരികളിൽ പറയുന്നു.

# രക്‌തബിന്ദു*

ഈ നിണകണം നോക്കു,
ഗൗരവർണ്ണത്താൽദ്ധന്യ—
മാനിയായ് മുഖം കന-
പ്പിച്ചെഴും മൂഢാത്മാവേ!1

സംഗരം മോഹിക്കുന്നീ-
ലെങ്കിലും ലോകത്തിന്റെ
മംഗളം വളർത്തുവാൻ
ധർമ്മത്തിൻ വിളി കേൾക്കെ,2

---

*അന്യരാജ്യങ്ങളിൽ—വിശേഷിച്ചും വടക്കനാഫ്രിക്ക, ഇററലി മുതലായ മദ്ധ്യധരണ്യാഴിതീരപ്രദേശങ്ങളിൽ—ചെന്നു് അനേകം ഇന്ത്യൻ പടയാളികൾ പടവെട്ടുന്നുണ്ടു്; അവർ ചൊരിയുന്ന ചോരത്തുള്ളികളിലൊന്നാണു് കവിതാവിഷയം.

1 'ഗൗര...മൂഢാത്മാവേ!'—വെളുത്ത തൊലിയിൽ അഭിമാനം പൂണ്ടു മററുള്ളവരോടു 'മുഖം കനപ്പിക്കുന്ന' പരിഷ്കൃതനായ പാശ്ചാത്യനെ കവി അഭിസംബോധനം ചെയ്യുന്നു.

2 ഇന്ത്യക്കാരൻ സ്വതവേ സമാധാനപ്രിയനാണു്; ഇന്നു നടക്കുന്ന യുദ്ധത്തിൽ ഒരു വശത്തുമാത്രമല്ല, മറുവശത്തുമുണ്ടു് പ്രതിലോമകാരികൾ; എങ്കിലും സഖ്യപക്ഷത്തിലാണു് പൊതുവിൽ 'ധർമ്മ'മെന്നും അച്ചുതണ്ടുചേരി അധർമ്മത്തിന്റേതാണെന്നും, ലോകത്തിന്റെ 'മംഗള'ത്തിന്നാണു് സഖ്യജനത പോരാടുന്നതെന്നും ഭാരതീയൻ ആശിക്കുന്നു.

ഗീതതൻ രാജ്യ[3]ത്തിങ്കൽ-
നിന്നുമീ വിദൂരത്തെ-
ബ്ഭൂതലനടുക്കടൽ[4]-
ക്കരയിൽ സ്വയമെത്തി,

ജീവിതയജ്ഞം ചെയ്യും
യോദ്ധാവിൻ ഹൃദന്തമാ-
ണീ വിശിഷ്ടമാണിക്യം
വിളയും ദിവ്യാകരം.[5]

ഈയകൃത്രിമമായ
ചുവപ്പിൽബ്ഭീരുത്വത്തിൻ-
ഛായയോ നൈരാശ്യത്തിൻ
രേഖയോ കാണ്മീലെങ്കിൽ,

---

3 കർമ്മയോഗികളുടെ രാജ്യം (ഇന്ത്യ). ഹൃദയാലുവായ അർജ്ജുനൻ രക്തച്ചൊരിച്ചലിൽനിന്നു പിന്മാറുമ്പോൾ, ധർമ്മത്തിനുവേണ്ടി യുദ്ധംതന്നെ ചെയ്യേണ്ടിവന്നാൽ ചെയ്യണമെന്നാണു് ശ്രീകൃഷ്ണൻെറ ഗീതോപദേശം.

4 മധ്യധരണ്യാഴി.

5 ദിവ്യമായ രത്നഖനി. ഇന്ത്യക്കാരൻെറ ഈ ആത്മത്യാഗത്തിന്നു് അമാനുഷമായ മഹിമയുണ്ടു്; 'ലോകത്തിൻെറ മംഗള'ത്തിന്നുവേണ്ടി അയാളൊഴുക്കുന്ന ഓരോ ചോരത്തുള്ളിയാകുന്ന മാണിക്യക്കല്ലും മനുഷ്യർ മററൊരിടത്തും കാണാത്ത അതിവിശിഷ്ടമായ ഒരു ഖനിയിൽ—ഇന്ത്യക്കാരൻെറ ഹൃദയത്തിൽ—വിളഞ്ഞതത്രേ. (മാണിക്യക്കല്ലിലെ നിറം ചുവപ്പാകുന്നു.) അകൃത്രിമമായ 'ചുവപ്പു്'—1 സ്വാഭാവികമായ 'മാണിക്യം'—2. നിഷ്കപടമായ രക്തം.

ഇനിയുമിതിന്നൊപ്പം
ലോകപൗരുഷത്തിൻെറ
ഖനിയിൽത്തിരഞ്ഞിട്ട
മററൊന്നു നേടീലെങ്കിൽ,

കാന്തിമൽക്കോടീരത്തിൽ-6
ച്ചാർത്തട്ടേ ജയലക്ഷ്മി,
ശാന്തി—ലോകത്തിൻ ശാന്തി-
യാണിതിൻ വില നൂനം.7

---

6 മിന്നിത്തിളങ്ങുന്ന കിരീടം.

7 ഇത്രയും അമൂല്യമായ ഈ മാണിക്യരത്നം ഇന്ത്യക്കാരൻ തൻെറ ഹൃദയാന്തർഭാഗത്തുനിന്നെടുത്തു പുല്ലുപോലെ വലിച്ചെറിയുന്നതു വെറുതെയല്ല, മററുള്ളോരുടെ കല്പന കേട്ടിട്ടുമല്ല; ലോക സമാധാനത്തിന്നു വേണ്ടിയാണയാളുടെ ത്യാഗം; അതാണിതിൻെറ വില.

# കൊച്ചമ്മ*

ഉമ്മറത്തിളംമണി-
　ത്തിണ്ണമേൽ മെല്ലെക്കൊഞ്ചി-
ച്ചുമ്മവച്ചൊരു ചെറു-
　പൂച്ചയെക്കളിപ്പിച്ചും,

മിന്നിടും വെള്ളിക്കിണ്ണ-
　ത്തിങ്കലെപ്പാൽതാനും
തന്നിടും കരംകൊണ്ടു
　തടവിക്കുടിപ്പിച്ചും,

മേവിനാളൊരു മങ്ക,
　പിന്നിലെജ്ജനാലച്ചി-
ല്ലാ വിലാസിനീരൂപം
　ഭങ്ഗിയിലെഴുതവേ.1

---

*ധനികദരിദ്രവർഗഭേദമോ, മനുഷ്യരും തിര്യക്കുകളും തമ്മിലുള്ള അകലമോ ഇന്നത്തെ സമുദായത്തിൽ വലുത്? ഉത്തരം കവി നേരിട്ടു പറയാതെ, ഏറ്റവും സാധാരണമായ ഒരു രംഗം വരച്ചു കാണിക്കുന്നു; അതാണിക്കവിത.

1 പ്രകൃതി ഈ പെൺകുട്ടിയുടെ രൂപം മാത്രമേ ജനാലച്ചില്ലിൽപ്പകർത്തുന്നുള്ളൂ; കവിയാകട്ടെ, നേരിയ രണ്ടുമൂന്നു തൂലികാചലനം കൊണ്ട് അവളുടെ സാമ്പത്തികസ്ഥിതിയാകെ വരച്ചു കാണിക്കുന്നു. ഉമ്മറത്തെ 'ഇളംമണിത്തിണ്ണ', പൂച്ചയ്ക്കു പാൽ കൊടുക്കാൻ 'മിന്നുന്ന വെള്ളിക്കിണ്ണം', വൃത്തിയും വെടിപ്പുമുള്ള ചില്ലുജനാലകൾ—തീർച്ചയായും ഒരു ഭേദപ്പെട്ട വീടാണിത്.

LIBRARY KOTTAYAM

ഉച്ചയാംവരെ ത്തുള്ളി-
ക്കഞ്ഞിവെള്ളവും കുടി-
പ്പിച്ചകിട്ടാതേ, വാടി-
പ്പോയ കുമ്പിളുമായി,

തെല്ല ദൂരത്തായ് നില്പ്പൂ
ദുർഭിക്ഷം മാംസം കാർന്നി-
ട്ടെല്ലമാത്രമായ്ത്തീർന്ന
യാചകകുമാരകൻ!

നാവിനാൽ നുഴയുന്നു,
പാൽ നുകർന്നീടും ധന്യ-
ജീവി2യെ ക്ഷുധാജഡ-
ദൃഷ്ടി3യാൽ വീക്ഷിക്കുന്നു,

മാനവകുലത്തിൽ വ-
ന്നെന്തിനു പിറന്നെന്നു4
താനവൻ വിചാരിക്കെ-
ക്കണ്ണുകരം കലങ്ങുന്നു,

---

2 ധന്യജീവി – ഭാഗ്യവതിയായ പൂച്ച. പിച്ചക്കാരൻകുട്ടിക്കൊരുതുള്ളിക്കഞ്ഞിപോലും കിട്ടിയിട്ടില്ല; പൂച്ചക്കു പാലാണു കിട്ടുന്നതു്!

3 ക്ഷുധാജഡദൃഷ്ടി – വിശപ്പുമൂലം എല്ലാ ചൈതന്യവും നശിച്ച കണ്ണ്.

4 മനുഷ്യജാതിയിൽ ജനിക്കുന്നതിനു പകരം താനൊരു പൂച്ചയായിപ്പിറന്നെങ്കിൽ തനിക്കു ഭക്ഷണം കിട്ടിയേനേ.

കർമ്മസാക്ഷിയാം കാലം5
തച്ചിത്രം വെളിച്ചത്തിൻ-
നേർമ്മയേറിടും ശുഭ്രവെൺ-
പടത്തിൽ പകർത്തവേ.6

ഒച്ച കേൾക്കയാലെന്തോ
തന്മുഖം തിരിച്ചാളാ-
ക്കൊച്ചമ്മ കാററിൽത്തണ്ടോ-
ന്നുലയും തണ്ടാർ പോലെ.7

പുരികം ചുളിച്ചുഗ്രം
ഗർജ്ജിച്ചാൾ: "കടന്നുപോ
കരിമോന്തയും കൊണ്ടേ,ൻ-
'മല്ലി'ക്കു കൊതി പററും!"8

---

5 മനുഷ്യരുടെ എല്ലാ കർമ്മങ്ങളും എണ്ണിയെണ്ണിക്കാണുന്ന കാലം.

6 നോക്കണം വ്യത്യാസം. 'കൊച്ചമ്മ' ഉമ്മറത്തിണ്ണമേലിരിക്കു ന്നു; പിച്ചക്കാരൻകുട്ടി എരിവെയിലിൽ നിന്നു പൊരിയുന്നു. അവ ളുടെ ചിത്രം ജനാലച്ചില്ലിൽ പ്രതിബിംബിക്കുന്നു; അവൻെറ രൂപ മോ, ഒരു കറുത്ത നിഴലായി, വെയിലിൻെറ വെള്ളത്തുണിയിൽപ്പക രുന്നു. പക്ഷേ, കർമ്മസാക്ഷിയാണവൻെറ ചിത്രകാരൻ.

7 തണ്ടാരിന്നൊത്ത ആ മുഖത്തുനിന്നാണു്, പിന്നത്തെ വരി യിൽപ്പറയുന്ന 'ഗർജ്ജനം' പുറപ്പെട്ടതു്!

8 'മല്ലി'—മല്ലപ്പൂപോലെ വെളുത്ത ധനികത്തിപ്പെൺകുട്ടിയുടെ ഓമനപ്പേരു്.

മോളിലേക്കവനൊന്നു
   നോക്കിനാ, നാ നോട്ടത്തിൻ-
കാളിടും ചൂടിൽദ്ദൈവം
   പൊരിഞ്ഞുപോയീലല്ലീ?

ഒന്നവൻ നെടുതായി
   വീർപ്പിട്ടാൻ; ധർമ്മത്തിൻെറ-
യുന്നതമണിധ്വജം[9]
   കലുങ്ങിപ്പോയീലല്ലീ?

മാഞ്ഞുപോയവൻ മന്ദം
   മുററത്തുനിന്നും; തമ്പി
ചാഞ്ഞു തൻകസാലമേൽ;
   മയങ്ങാൻ വൈകീലല്ലീ![10]

9 ധർമ്മത്തിൻെറ ഉയർന്ന കൊടിമരം. ദൈവത്തോടും ധർമ്മത്തോടുമുള്ള വെല്ലുവിളികളായിരുന്നു ആ നോട്ടവും ആ നെടുവീർപ്പും.

10 ഭേദപ്പെട്ട 'കൊച്ചമ്മമാർ' ഉച്ചയ്ക്കു പതിവുള്ള പകലുറക്കം.

# ഒരുഗാനം*

പാതിരപ്പൂവും ചിരിച്ചുതുള്ള-
'മാതിര'ക്കാലമരികിലെത്തി;

അമ്പിളിക്കൈനാറിപ്പൂവു ചൂടി,
മുമ്പിൽ നിലാവിനേയും നടത്തി,

നേരിയ മഞ്ഞിനാൽ മേലിടുന്ന
സാരിതൻ തുമ്പല്പമൊന്നു നീങ്ങി,[1]

പൂവിൻ നറുമണം പൂശിയെത്തും-
രാവിന്നു പോവാൻ മടിത്തുടങ്ങി;[2]

ചേലുററ താരകപ്പൂക്കൾ തിങ്ങി
നാലുപുറത്തും മിടഞ്ഞിറങ്ങി,

മെച്ചത്തിൽ വാനം ചുഴന്നു മന്നാം
പിച്ചകവള്ളിക്കുടിൽ വിളങ്ങി.[3]

---

* ഒരു പുതിയ തിരുവാതിരപ്പാട്ട്.

1 പുളപ്പുകയറിയ ഹേമന്തകാലരാത്രി: പരിമളം വീശുന്ന പിച്ചകം, കൈനാറി മുതലായ പൂക്കൾ, അഴകൊഴുകുന്ന നിലാവ്, പരക്കെ മഞ്ഞ്—തിരുവാതിരക്കാലത്തിന്റെ പ്രത്യേകതകളാണിതെല്ലാം.

2 ഹേമന്തരാത്രികൾ വന്നാൽ അത്രവേഗം വിട്ടുപിരിയുകയില്ല. നമ്മുടെ പകലുകൾക്കേററവുമധികം നീളം മിഥുനമാസത്തിലാണ്; രാത്രികൾക്കു ധനുവിലും.

3 നക്ഷത്രങ്ങൾ നിറഞ്ഞു ചക്രവാളങ്ങളിൽ ചാഞ്ഞിറങ്ങിക്കിടക്കുന്ന ആകാശത്താൽ ചുഴലപ്പെട്ട ഭൂമി പിച്ചകവള്ളിക്കുടിലുപോലെ ശോഭിച്ചു.

ഈവിധമെല്ലാം പ്രകൃതി ദിവ്യ-
ശ്രീവിലാസങ്ങളെക്കാട്ടിയാലും,
'ആതിര' രമ്യസ്മരണയുമായ്
വാതില്ക്കലോളം വന്നെത്തിയാലും,
കേവലമെങ്ങുമനക്കമില്ല!
കേരളമൊന്നുമറിവതില്ല![4]

മലനാട്ടു ജീവിതമിത്രമാത്ര-
മലസമായ് ശുഷ്കമായ്ത്തീൎന്നുവല്ലോ.
മതി മലരിട്ടതു കാട്ടുമാവേ!
മതി മണം തേച്ചതു കൊച്ചുകാറേറ!
വെറുതെയാണൊക്കെയു; മന്തരംഗം[5]
ചിറകൊടിഞ്ഞീടിന ദീനഭൃംഗം!
അതു പൊടിപററിക്കിടക്കുകല്ലീ?
അതു പിടയ്ക്കാനുമശക്തമല്ലീ?
ലളിതവിദ്യുല്ലതകൾക്കു തുല്യ-
മൊളിയൊടു നീന്തും തരുണിമാരാൽ
അകലുഷ[6]മാററിനും പൊയ്കകൾക്കു-
മകമിന്നൊരേടം തുടിക്കുന്നീല.[7]

---

4 പ്രകൃതിയുടെ വിലാസങ്ങളെല്ലാം ഇന്നുമുണ്ടു്; അവൾ നിത്യയൗവനയാണു്. എന്നാൽ, കേരളീയരുടെ വികാരങ്ങൾ ചത്തിരിക്കുന്നു; പഴയ 'രമ്യസ്മരണ'കൾപോലും നമ്മെ ഇന്നു പുളകംകൊള്ളിക്കുന്നില്ല.

5 മലയാളികളുടെ ഹൃദയം.

6 നിഷ്കളങ്കം; പരിശുദ്ധം.

7 കുളങ്ങളിലും ആറുകളിലും മലയാളിപ്പെൺകിടാങ്ങൾ തുടിച്ചു നീന്തി 'ചപ്പിളി' കൂട്ടുക പണ്ടു തിരുവാതിർക്കാലത്തെ പതിവാണു്; നിഷ്കളങ്കമായ ഒരു വിനോദമായിരുന്നു ഇതു്. എന്നാൽ ഇന്നു് അതൊന്നുമില്ല; തന്മൂലം ആററിന്റെയും നീരാഴിയുടെയും ഹൃദയത്തുടിപ്പുകൾ തന്നെ നിന്നപോലെ കവിക്കു തോന്നുന്നു.

നവനവമായെഴുമാശയാലേ
നരമാനസവും തുടിച്ചിടാതായ്!
മലനാട്ടുസൗഭഗത്തിൻെറ ചുണ്ടിൽ—
പ്പലകാലം തത്തിക്കളിച്ച ഗാനം,[8]
മലനാട്ടുജീവിതച്ചെങ്കഴലിൽ-
പ്പലനാൾ മുകർന്ന മധുരനൃത്തം,[9]
എവിടെയാണിപ്പോളെവിടെയാണെ-
ന്നവിരതം[10] വെമ്പുന്നിതെൻെറ ചിത്തം.

പരതന്ത്രതയുടെ ചങ്ങലയിൽ-
ച്ചരണം കുടുങ്ങിയ രാജ്യമുണ്ടോ?
നിറവെഴുമാത്മീയപൂർണ്ണത തൻ-
നിരഘമാമുത്സവമാസ്വദിപ്പൂ?[11]

---

8 പഴയ തിരുവാതിരപ്പാട്ടുകൾ. മലനാടിൻെറ സൗന്ദര്യം, തന്നെത്താൻ മതിമറന്നു, സ്വന്തം ചുണ്ടുകൾകൊണ്ടു പാടിയ പാട്ടുകളായിരുന്നു അവ.

9 പഴയ തിരുവാതിരക്കളി. മലയാളികളുടെ അന്നത്തെ ജീവിതനൃത്തങ്ങൾതന്നെയായിരുന്നു ആ നൃത്തങ്ങൾ.

10 ഔത്സുക്യത്തോടെ.

11 ഒരു രാജ്യത്തിൻെറ കലാസമ്പത്ത് അതിൻെറ ആത്മീയധനമാണ്; അതിനെ കറകളഞ്ഞാസ്വദിപ്പാൻ നമ്മുടെ അടിമത്തം നമ്മെ അനുവദിക്കുന്നില്ല!

# ആരാമത്തിൽ*

ചെന്നു ഞാനാരാമത്തിൽ
  നവ്യമാം പ്രഭാതത്തിൻ
പൊന്നുവാഗ്ദാനം[1]കൊണ്ടു
  ദിങ്മുഖം തുടുത്തപ്പോൾ,[2]

ചിത്രമാം[3] ചിലന്തിതൻ
  വലയൊന്നാകാശത്തി-
ലെത്രയും വിശാലമാ-[4]
  യുല്ലസിപ്പതു കാണാൻ.

സ്വീയമാം സാമ്രാജ്യത്തിൻ
  ബലവും വൈപുല്യവു-

---

* കാലമാകുന്ന പൂന്തോട്ടത്തിൽ നാനാതരം ചിലന്തികൾ നാനാതരം വലകൾ കെട്ടിപ്പൊക്കി തങ്ങളുടെ സാമ്രാജ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്; അവയോരോന്നും എത്ര ക്ഷണഭംഗുരമെന്നു കവിതയിൽ പ്രതിപാദിക്കുന്നു.

1 അഭിനവകാലഘട്ടത്തിന്റെ സ്വാതന്ത്ര്യവാഗ്ദാനം.

2 വാഗ്ദാനത്താൽത്തന്നെ ദിക്കുകളുടെ മുഖം തുടുത്തു: തനി സ്വർണ്ണവർണ്ണമായ സൂര്യോദയത്തിനു മുമ്പുതന്നെ ചക്രവാളങ്ങളിൽപ്പരക്കുന്ന ഉഷച്ചുകപ്പു്.

3 മനോഹരം, അത്ഭുതകരം.

4 വല വളരെ 'വിശാല'മാണു്; പക്ഷേ, ആകാശവലയാണു്.

മായത്തഗർവ്വം[5]നോക്കി,-
ക്കേടുപാടെല്ലാം നീക്കി,[6]

വലയിൽക്കുടുങ്ങിത്തൻ-
ചിറകൊന്നനക്കുവാൻ
വലയും പൂമ്പാററത്തൻ
ധിക്കാരം സഹിക്കാതെ,[7]

കാലുകൾക്കടിയിലാ-
ണെട്ടു ദിക്കുകൾ, നാശ-
മേലുകില്ലൊരു നാളു,-[8]
മെന്ന ഭാവനയോടേ,

---

5 സാമ്രാജ്യത്തിൻെറ അഗ്രഭാഗങ്ങളിലോളം—'ഔട്ട്പോസ്ററു'കൾവരെ—നെടുനീളത്തിൽ, ഗർവ്വത്തോടെ, ചിലന്തി നോക്കുന്നു.

6 ഏതു സാമ്രാജ്യധുരന്ധരനും തൻെറ ഭരണയന്ത്രത്തിൽ അററകുററങ്ങൾ തീർത്തുവെന്നഭിമാനിക്കുന്നതുപോലെ, ചിലന്തിയും ആത്മസംതൃപ്തിയടയുന്നു.

7 വലയിൽക്കുടുങ്ങിയ അടിമകൾ സ്വാതന്ത്ര്യവാഞ്ഛ പ്രകടിപ്പിക്കുന്നതു് ഏതു സ്വേച്ഛാധികാരിയായ ചിലന്തിയാണു് സഹിക്കുക?

8 എട്ടു കാലുകളാണു് ചിലന്തിക്കുള്ളതു്; ഓരോ കാലും ഓരോ ദിഗന്തരത്തെ കീഴടക്കിയിരിക്കയാണെന്നു ചിലന്തി ധ്യാനിക്കുന്നു! സ്വന്തം കാലിൻെറ എണ്ണംകൊണ്ടാണു് ഈ ക്ഷുദ്രജീവി ലോകത്തിൻെറ വ്യാപ്തിയളക്കുന്നതു്.

7138

അന്തരീക്ഷത്തിൻ കണ്ണീർ-[9]
കൊണ്ടു മുത്തുകൾ ചാർത്തും
തൻതലസ്ഥാനത്തിങ്ക-
ലേകശാസനമായി,[10]

വാനിനെ മറച്ചുകൊ-
ണ്ടങ്ങനെ[11] വാണു വീര-
മാനിയാം[12] തന്നിർമ്മാതാ-
വുഗ്രരൂപമാം കീടം.[13]

ഒന്നനങ്ങിയാലപ്പോ-
ളറിയാം; വഞ്ചിച്ചീടാ-
വുന്നതോ നിരാലസ്യ-
ക്രൂരമാം കണ്ണു[14]ക്കാനും!

---

9 വായുവിൽനിന്നു വീണ മഞ്ഞുതുള്ളികൾ (ലോകത്തിന്റെ കണ്ണുനീർക്കണങ്ങൾ)—ഇവയാണു് ചിലന്തിയുടെ സിംഹാസനത്തിനു മണിമാല്യം!

10 തിരുവായക്കെതിർവായയില്ലാതെ; സ്വേച്ഛാപ്രഭുവായി.

11 ബഹിർല്ലോകത്തിൽ ഉദിച്ചുയരുന്ന പ്രഭാതകിരണങ്ങളെ മറച്ചുകൊണ്ടു്, അങ്ങനെ.

12 വീരനെന്നു മേനി നടിക്കുന്നവൻ.

13 ഭയങ്കരാകൃതിയായ പുഴു; ചിലന്തി. 'കീടം' എന്ന പദത്തിലന്തർഭവിച്ചിട്ടുള്ള അറപ്പു നോക്കുക.

14 എല്ലായ്പോഴും തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന നിഷ്ഠുരമായ കണ്ണു്.

നിദ്രയെ ത്യജിച്ചീടു-
മന്തരീക്ഷ[15]ത്തിന്നന്നാ-
ക്ഷുദ്രജീവിതൻ ദർപ്പം
സഹിപ്പാൻ സാധിക്കാതായ്.

കേവലമതിൻ നെടു-
വീർപ്പിനാൽ നുറായ് ചീന്തി
പാഴ്‌വല, ചിലന്തി-
തന്നഭിമാനത്തോടൊപ്പം,[16]

ഞാനനുസ്മരിച്ചുപോയ്-
കാലത്തിന്നാരാമത്തിൽ
മാനവൻ വിരചിച്ച
സാമ്രാജ്യമോരോന്നപ്പോൾ![17]

---

15 "നിദ്രയെ...ന്തരീക്ഷം"=പുത്തൻപ്രഭാതത്തിൽ ഉണർന്ന അന്തരീക്ഷം (ലോകം).

16 അന്തരീക്ഷത്തിൽ ഒരു കാററു വീശി; ചിലന്തിയുടെ ആ വലയും അഹങ്കാരവുമെല്ലാം അതാ പറപറക്കുന്നു!

17 'മനുഷ്യസമുദായ ചരിത്രത്തിൽ എല്ലാ സാമ്രാജ്യനാഥന്മാർക്കും ചിലന്തിയുടെ അനുഭവമാണുണ്ടായിട്ടുള്ളതു്. ഉദിച്ചുവരുന്ന നവസംസ്കാരത്തിൻെറ വായുവിനെയും വെളിച്ചത്തെയും മാറാലവലകൾ കൊണ്ടു തടയാൻ ശ്രമിച്ചാലുണ്ടോ സാധിക്കുന്നു?

# ആ ചോദ്യചിഹ്നം*

പോന്നു ഞാൻ പാടത്തേയ്ക്കു,
നഗരാരാമത്തിങ്കൽ-
നിന്നു,[1]മീ സ്സായാഹ്നത്തിൻ
ജീർണ്ണമാം പ്രകാശത്തിൽ.[2]

ശാന്തമായ്, വിശാലമായ്,
എന്നാലും, വരണ്ടേറെ-
ക്ലാന്തമായ്, ക്കാൺമൂ പാടം
ഗ്രാമീണചിത്തം പോലെ.[3]

സ്നേഹപൂർണ്ണമാം നാട്ടിൻ-
പുറത്തിൻ നെടുവീർപ്പെൻ-
ദേഹത്തിലേററു വേന-
ലന്തിതൻ ചുടുകാററിൽ.[4]

---

* ഒരിന്ത്യൻകർഷകന്റെ ചിത്രം.

1 നഗരത്തിലെ പാക്കിൽനിന്നു്.

2 സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ.

3 കാണുന്നതെന്തും, കവിയുടെ കണ്ണിൽ, ഇന്നത്തെ ഇന്ത്യൻ കർഷകജീവിതത്തിന്റെ പ്രതിച്ഛായയായിട്ടാണനുഭവപ്പെടുന്നതു്. കൃഷിക്കാരന്റെ ശാന്തശീലം, ഹൃദയവിശാലത, സന്താപഭാരങ്ങളാൽ വാടിത്തളർന്ന ആത്മാവു്—ഇതിന്നെല്ലാം അനുഗുണമായിരുന്നു, ഇവയുടെ പ്രതിഫലനമായിരുന്നു, ആ പാടം.

4 ‘‘നാട്ടിൻപുറം നന്മകളാൽസ്സമൃദ്ധ’’മെന്നതു പ്രസിദ്ധമാണു്;

ചുഴവേ വയലിന്റെ
　　വക്കത്തു മാവും പ്ലാവും
വാഴയും മൂലം മറ-
　　ഞ്ഞൊതുങ്ങും ചില കുടിൽ,

ഒന്നു ദീനമായ് നോക്കി-
　　പ്പുഞ്ചിരിക്കൊണ്ടും കൊണ്ടു
നിന്നു, പണ്ടെന്നോ തേച്ച
　　കുമ്മായം മുക്കാലും പോയ്.[5]

പകലോൻ പടിഞ്ഞാട്ടു
　　ചാഞ്ഞപ്പോഴം, കരിക്കോലും
നുകവും ചുമന്നുകൊ-
　　ണ്ടെത്തിയ കൃഷിക്കാരൻ,

---

ഉദാരനും സ്നേഹശീലനുമായ ഉൾനാട്ടിലെ കൃഷിക്കാരൻ മര്യാദകൾ കൈവെടിഞ്ഞിട്ടില്ല. ഇതു് അവിടെ എത്തിയപ്പോഴേക്കും കവിക്കനുഭവപ്പെട്ടു: അതാ, അന്തിയായിട്ടും ചൂടുമാറാത്ത വായുവിലൂടെ, ആ ഗ്രാമത്തിന്റെ ഹൃദയത്തിൽ നിന്നൊരു കുളിർതെന്നൽ വീശുന്നു, അതിഥിയെ എതിരേല്ക്കുന്നു. 'വേനലന്തിതൻ ചുടുകാററിൽ' എന്നു് എടുത്തു പറഞ്ഞതുകൊണ്ടു്, ഭംഗ്യന്തരേണ ആ തെന്നലിന്നു കുളുർമ്മയും നേർമ്മയുമുണ്ടായിരുന്നുവെന്നു് സൂചന.

5 വികാരവാനായ കവിയുടെ ഭാവനയിൽ നിർജ്ജീവവസ്തുക്കൾക്കുപോലും ജീവൻ വെയ്ക്കുന്നു: ജഡമായ്ക്കിടന്ന പാടം സജീവമായ 'ഗ്രാമീണചിത്ത'മായി; അവിടത്തെ ചെറുകുടിലുകൾ അവിടത്തെ ജീവികളെപ്പോലെതന്നെ, 'മറഞ്ഞൊതുങ്ങി' നില്ക്കുന്നു, 'ദീനമായ്' പുഞ്ചിരിയിടുന്നു.

ചാലുകളെടുക്കയോ-
   ണപ്പൊഴും[6]ചെടച്ചെല്ലും
തോലുമാമെരുതിനെ-
   ച്ചുക്കിച്ച കയ്യാലുന്തി[7]

വേലയെ, ദ്ദയിതയെ-
   പ്പോലവേ സ്നേഹിക്കുന്ന
ശീല[8]മേലുമാ സ്സാധു-
   തൻ വളഞ്ഞൊരു നിഴൽ[9]

ഈവിധം നിജാഹ്ളാദം
   കട്ടതാരെന്നാരായും
ജീവിതം കുറിക്കുന്ന
   ചോദ്യചിഹ്നമല്ലല്ലീ?

---

6 അപ്പോഴും—നേരം അന്തിയായിട്ടും.

7 ഏതു ജീവിയാണു് കൂടുതൽ ശോചനീയൻ? കൃഷിക്കാരനോ, അയാൾ 'ചുക്കിച്ച കയ്യാലുന്തുന്ന' എരുതോ?

8 പണിയെടുക്കാൻ മടി കൃഷിക്കാരനില്ല. അയാൾ തന്റെ വയലിലുള്ള കൃഷിപ്പണിയെ, തന്റെ സഹധർമ്മിണിയെയെന്നപോലെ, മമതയോടുകൂടി സ്നേഹിക്കുന്നു. രണ്ടും അയാൾക്കു ഭാരമാണു്; പക്ഷേ, രണ്ടിനോടും അയാൾ ആജീവനാന്തം പററിപ്പിടിച്ചുനില്ക്കും.

9 ചോദ്യവാചകങ്ങളുടെ അവസാനത്തിലിടുന്ന വിരാമചിഹ്നം (?). ചുക്കിച്ചുളിഞ്ഞ ഇന്ത്യൻകൃഷിക്കാരന്റെ വളഞ്ഞ നിഴൽ, കവിയുടെ കണ്ണിൽ, ചരിത്രത്തിന്റെ മുമ്പാകെയിട്ടിട്ടുള്ള ഒരു ചോദ്യചിഹ്നം പോലെ തോന്നുന്നു. 'ആരാണെന്റെ സുഖം കട്ടതു്?' ഇന്ത്യൻ കൃഷിക്കാരൻ ഇതു ചോദിക്കാൻ തുടങ്ങിയിരിക്കുന്നു.

തളരും കൃഷീവലൻ
തൻെറ മുമ്പിലച്ചിഹ്നം
വളരുന്നതായ് ത്തോന്നീ
വരമ്പും കൂട്ടാക്കാതെ. 10

എന്തിനാണിരുട്ടിനാൽ
മാഴ്ക്കുവാൻ ഭാവിക്കുന്ന-
തന്തരീക്ഷമേ? കണ്ടു-
കഴിഞ്ഞൂ കൃഷീവലൻ. 11

---

10 സൂര്യാസ്തമയം അടുക്കുന്തോറും നിഴൽ നീളുന്നു, ഒരു കൃഷിക്കാരൻെറ കണ്ടത്തിൽനിന്നു മറെറാരുത്തൻെറ കണ്ടത്തിലേക്കു കടക്കുന്നു. ഗ്രാമങ്ങളിൽ കൃഷിക്കാരെ ഭിന്നിപ്പിച്ചുനിർത്തുകയാണു് വരമ്പുകളുടെ ചുമതല; എന്നാൽ ഈ വരമ്പുകളെയെല്ലാംതന്നെ, 'ആരാണെൻെറ സുഖം കട്ടതെ'ന്ന ചോദ്യം അവഗണിക്കുന്നു, അതിലംഘിക്കുന്നു; അതു സർവ്വത്ര വ്യാപിക്കുന്നു.

11 സൂര്യൻ അസ്തമിച്ചാൽ ഇരുട്ടായല്ലോ; പിന്നീടു് ഈ ചോദ്യം—ഈ നീണ്ട നിഴൽ—ആരും കാണാതെ കഴിയുമെന്നാണു് 'അന്തരീക്ഷ'ത്തിൻെറ (ലോകത്തിലെ തമോജീവികളുടെ) പ്രതീക്ഷ. പക്ഷേ, ഇതു വെറും ദുരപിടിച്ച വ്യാമോഹമാണെന്നു കവി താക്കീതു ചെയ്യുന്നു. കൃഷിക്കാരൻ 'കണ്ടുകഴിഞ്ഞു'; ചോദ്യം മാത്രമല്ല, അതിനുള്ള ഉത്തരവും അയാൾ 'കണ്ടുകഴിഞ്ഞു.'

# ജൈത്രപടഹം*

ആഹ്ളാദിക്കു, ഹൃദയമേ,
ആഹ്ളാദിക്കു!
റഷ്യൻസൈനികനു
ജൈത്രപടഹമടിക്കു![1]
സമരകൗതുകമല്ല, അവന്റെ വാളിൽ,
തീവ്രയാതനയുടെ നാളിൽ;
സമാധാനത്തിനുള്ള മോഹം,
മനുഷ്യത്വത്തോടുള്ള സ്നേഹം, ആണു്
വെട്ടിത്തിളങ്ങുന്നതു്.[2]

---

* 1944 മേയ് അവസാനത്തിൽ ബോംബേയിൽവെച്ചു ചേന്ന അഖിലേന്ത്യാ സോവിയറ്റു സുഹൃൽസംഘത്തിന്റെ ഒന്നാം സമ്മേളനത്തിന്റെ ഘട്ടത്തിലെഴുതിയ ഒരു ഗദ്യകവിത. സോവിയറ്റ് ചുകപ്പുപട തങ്ങളുടെ ജന്മഭൂമിയെ നാസികളിൽനിന്നു മിക്കവാറും മോചിപ്പിച്ചു കഴിഞ്ഞു്, യൂറോപ്പിനെ മോചിപ്പിക്കുവാനുള്ള ജൈത്രയാത്രയുടെ ആരംഭമായിരുന്നു അന്നു്.

1 ഹൃദയമേ, നീ തുടിക്കു; അതുതന്നെയാണു് ജൈത്രപടഹം.

2 ഇപ്പുസ്തകത്തിലെ 'രക്തബിന്ദു' എന്ന മുൻകവിതയിലെ 'സംഗരം മോഹിക്കുന്നീലെങ്കിലും...' എന്നു തുടങ്ങുന്ന വരികൾ വായിക്കുക. ആ കവിതയിലെ ഇന്ത്യൻപടയാളിയും ഈ കവിതയിലെ സോവിയറ്റ് യുദ്ധവീരനും യുദ്ധത്തിലുള്ള കൊതിയാലല്ല യുദ്ധം ചെയ്യുന്നതു്; സമാധാനത്തിനു—ലോകസമാധാനത്തിനു—വേണ്ടിയാണു് ഇരുവരുടേയും പോരാട്ടം ('രക്തബിന്ദു'വിലെ ഒടുവിലത്തെ വരി നോക്കുക).

വിയർപ്പും കണ്ണീരും ചോരയുംകൊണ്ടു്, അവൻെറ
ദുർജ്ജയമായ വാൾ പവിത്രമായ കൈയിൽ[3]
ഒട്ടിപ്പിടിച്ചിരിക്കുന്നു;

അവസാനംവരെ ആ പിടി അഴയുകയില്ല.
അഹിംസാപ്രതിയാണു്, ആ വാൾ.[4]

ആഹ്ളാദിക്കു, ഹൃദയമേ,
ആഹ്ളാദിക്കു!

മനുഷ്യത്വത്തിൻെറ വിജയോല്ലാസത്തിൽ
മത്തടിക്കു!

നിത്യതയുടെ നയനം,
നീലവിശാലമായ ഗഗനം,

വീരജനനി[5]യായ സോവിയററിൻെറ നേരെ
വിസ്മയം കൊണ്ടു വിടർന്നിരിക്കുന്നു.

രാപ്പകലുകൾ,
കാലത്തിൻെറ ഏടുകൾ,

അത്ഭുതകർമ്മാവായ റഷ്യൻസൈനികൻെറ
ധീരച്ഛായകൾകൊണ്ടു നിറഞ്ഞിരിക്കുന്നു.[6]

---

3 സാമ്രാജ്യത്വപരമായ അന്യരാജ്യാക്രമണംകൊണ്ടു കളങ്കപ്പെടാത്തതാണു് ചുകപ്പുപടയാളിയുടെ കൈയു്.

4 സോവിയററു സൈനികൻെറ മൗലികമായ സമാധാനപ്രിയത്വത്തെ കവി വീണ്ടും ഊന്നുന്നു.

5 ഇത്രയും നല്ല വീരയോദ്ധാക്കളുടെ അമ്മയായ നാടു്.

6 സോവിയററുസൈനികൻെറ അത്ഭുതകൃത്യങ്ങൾ താല്ക്കാലികങ്ങളാണു്; പക്ഷേ, അവയ്ക്കു നിത്യമായ ഒരു വിലയുണ്ടു്. രണ്ടും കവി കാണുന്നു: 'നിത്യതയുടെ നയന'മായ ആകാശത്തിലും, മാറിമറിയുന്ന അന്നന്നത്തെ രാപ്പകലുകളിലും, രണ്ടിലും ചുകപ്പുപടയാളിയുടെ കൃത്യങ്ങൾ ചൈതന്യം പകർത്തുന്നുണ്ടു്.

CHILDREN'S LIBRARY KOTTAYAM

ആഹ്ളാദിക്കൂ, ഹൃദയമേ,
ആഹ്ളാദിക്കൂ!

സംസ്കാരത്തിൻെറ വിജയത്തിൽ സന്തോഷിക്കൂ.7

റഷ്യൻഭടൻെറ ധൈര്യസ്മരണം,
സമുദ്രത്തിൻെറ ഹൃദയസ്ഫുരണം
അതിവേഗത്തിൽ ആവർത്തിപ്പിക്കുന്നു.8

സാഗരവീചിക, പരിവർത്തനഗായിക,
രക്തസൈനികൻെറ അപദാനം,
നിത്യമോഹനനവഗാനം,
ആലപിച്ചാലപിച്ചാടുന്നു;9
വെൺനുരമാല തകരുന്നു.

ആഹ്ളാദിക്കൂ, ഹൃദയമേ,
ആഹ്ളാദിക്കൂ!

---

7 റഷ്യയുടെ വിജയം കേവലമൊരു സൈനികവിജയമാവുകയില്ല; അതു മാനവസംസ്കാരത്തിൻെറയാകെ ദിഗ്വിജയമായിത്തീരുമെന്നു് കവി ആശിക്കുന്നു. എന്തുകൊണ്ടു്? സംസ്കാരത്തിൻെറയും ആദർശങ്ങളുടേയുമാകെ നിഷേധമായ നാസി-ഫാസിസ്റ്റ് സിദ്ധാന്തത്തോടാണു് റഷ്യയുടെ പോരാട്ടം; ലോകത്തിലെ സംസ്കാരവിധ്വംസകന്മാരുടെയെല്ലാം മേൽ നേടുന്ന വിജയമായിരിക്കും ആ വിജയം.

8 സമുദ്രത്തിലെ ഓളങ്ങൾ അതിൻെറ ഹൃദയത്തുടിപ്പുകളാണെന്നു കവിക്കു തോന്നുന്നു.

9 ഓരോ തിരയും ഉതിർക്കുന്ന സംഗീതം റഷ്യൻസൈനികൻ അഴിച്ചുവിടുന്ന ലോകപരിവർത്തനത്തെക്കുറിച്ചുള്ള ഗാനമായിത്തീരുന്നു; അയാളെ വാഴ്ത്തിക്കൊണ്ടുള്ള കീർത്തനംതന്നെയായിത്തീരുന്നു. ആകാശം, രാപ്പകലുകൾ, സമുദ്രം എല്ലാം—പ്രകൃതിയുടെ പശ്ചാത്തലം മുഴുവൻ—കവിയുടെ കണ്ണിൽ, റഷ്യൻസൈനികൻെറ വിജയവേളയിൽ വികാരവത്തായിത്തീരുന്നു.

ഉദാരമായ ചെങ്കൊടിയിന്മേൽ
ഉയർന്നുയർന്നു പറക്ക![10]

മാനവമഹിമയുടെ കൊട്ടമുടിയിൽ,
തത്തിക്കളിക്കുന്ന ചെങ്കൊടിയിൽ,
ചിരപ്രതീക്ഷിതമായ നവ്യപ്രഭാതത്തിന്റെ
നറുംതുടുപ്പു നടമാടുന്നു.[11]

ജീർണ്ണമായ രാത്രി[12] പൊതിഞ്ഞ
ദീനയായ ഭൂതധാത്രി[13] ആശാവികസ്വരമായ
മിഴി[14] തുറക്കുന്നു.

രക്തസൈനികനിലാണവളുടെ അചഞ്ചലമായ
വിശ്വാസം, അവഞ്ചകമായ ആശ്വാസം.
പോവുക! മുൻപോട്ടു പോവുക,
സമത്വത്തിന്റെ വീരസേവക,

---

10 ചെങ്കൊടിതന്നെ 'ഉയർന്നുയർന്നു' പറക്കുകയാണു്; അതി ന്നോടൊപ്പം തന്റെ ഹൃദയവും ഉയരത്തിൽപ്പറന്നേ കഴിയൂ.

11 എന്തുകൊണ്ടാണു് ചെങ്കൊടി 'ഉയർന്നുയർന്നു' പറക്കുന്ന തു്? കാരണം, 'മാനവമഹിമയുടെ കൊട്ടമുടി'യിലാണതു സ്ഥിതിചെ യ്യുന്നതു്. അതിന്റെ തുടുപ്പു് ആ കൊട്ടമുടിയിൽ ഉദിച്ചുയരുന്ന പുത്തൻപ്രഭാതമല്ലാതെ മറ്റൊന്നുമല്ലതാനും. എത്രകാലം മനുഷ്യൻ ഈ ഉഷച്ചുകപ്പു കാണാൻ ഉഴറി!

12 ലോകത്തിൽ വളരെക്കാലം നീണ്ടുനിന്ന അജ്ഞതയുടേയും അടിമത്തത്തിന്റേയും ഇരുട്ടു്—ഇതു്, ഈ 'നവ്യപ്രഭാതവേളയിൽ', 'ജീർണ്ണ'മാവുകയാണു്.

13 ഭൂമിദേവി.

14 ആശയാൽ വിടരുന്ന.

രക്തസൈനിക, വെല്ലുക!
മരണം വമിക്കുന്ന ഫാസിസം, നിന്റെ ദൃഢ
ഗംഭീരമായ പദന്യാസം കേട്ടു നടുങ്ങുന്നു;
പരത്തിയ പത്തികൾ ചുളുക്കുന്നു;
മരവിച്ച ഇരകൾ
മയക്കംവിട്ടനങ്ങുന്നു.[15]

മനുഷ്യരക്തത്തിന്റെ മഹത്വത്തെ,
ഏകത്വത്തെ, സമത്വത്തെ,
നിന്റെ ചെങ്കൊടി പ്രഖ്യാപിക്കും.[16]

---

15 ഫാഷിസത്തെ പാമ്പിനോടുപമിച്ചിരിക്കയാണ്: 'പരത്തിയ പത്തികൾ ചുളുക്കുന്നു' എന്നുവെച്ചാൽ, ഉള്ളൊട്ടുവലിഞ്ഞു്, സ്വന്തം 'മട'യിൽ ചുരുണ്ടുകൂടി, ആത്മരക്ഷയ്ക്കു് ഒരവസാനസമരത്തിന്നൊരുക്കു കൂട്ടുന്നുവെന്നർത്ഥം. 'മരവിച്ച ഇരകൾ' ഫ്രാൻസ്, ചെക്കോസ്ലോവാക്യ, പോളണ്ട്, റുമേനിയ, ബൾഗേറിയ മുതലായ രാജ്യങ്ങളാണ്; ചുകപ്പുപട ജയഭേരി മുഴക്കിക്കൊണ്ട് അടുത്തടുത്തു വരുംതോറും ഈ രാജ്യങ്ങളിൽ വിപ്ലവകരമായ ചൈതന്യം വിളയാടിത്തുടങ്ങി. ('മയക്കം' ഫാഷിസ്റ്റ് പാമ്പ് ഊതിയ വിഷജ്വാലയുടെ ഫലമാണ്; പാമ്പു പത്തി ചുളുക്കുമ്പോഴേക്കും ഇരകൾക്കു വീണ്ടും ജീവൻ വെയ്ക്കുന്നു.) 'പത്തി' എന്നതിന് കാലാൾപ്പട എന്നും അർത്ഥമുണ്ട്.

16. സോവിയറ്റുവിജയത്തിൽ കേവലം റഷ്യ എന്ന രാജ്യത്തിന്റെ വിജയമല്ല കവി കാണുന്നുള്ളൂ; മനുഷ്യനു വെറും മൃഗത്തെക്കാളുയർന്ന ഒരു മഹത്വമുണ്ടെന്നും, ഇതു ലോകത്തിലെ എല്ലാ മനുഷ്യർക്കും ഒരുപോലെയുണ്ടെന്നും, മനുഷ്യർ ഏതുരാജ്യത്തിലും ഒന്നാണെന്നും കവി വിശ്വസിക്കുന്നു; ഈ മൂന്നു തത്വങ്ങളുടെ—വിശ്വാസപ്രമാണങ്ങളുടെ—വിജയമാണ് ചെങ്കൊടിയുടെ വിജയത്തിൽ കവി ദർശിക്കുന്നതു്.

കലഹത്തിൽനിന്നു ശാന്തിയെ,
കദന[17]ത്തിൽനിന്നു ക്ഷേമത്തെ,
മരണത്തിൽനിന്നു ജീവിതത്തെ,
നിൻെറ കൊടിയടയാളമായ അരിവാൾ
ലോകത്തിനുവേണ്ടി കൊയ്തെടുക്കും; [18]

ഇരുട്ടിൽനിന്നു വെളിച്ചം പിടിച്ചെടുക്കുന്ന
സാന്ധ്യാകാശചന്ദ്രക്കല
ചെങ്കൊടിയിലെ ആ സഖിയെ ചുംബിക്കും. [19]

ആഹ്ളാദിക്കു, ഹൃദയമേ,
ആഹ്ളാദിക്കു!

ലോകസ്വാതന്ത്ര്യത്തിൻെറ ചിറകു വിടരുന്ന
ചലനമേററൊന്നു തുടിക്കു! [20]

---

17 ദുഃഖം.

18 അരിവാളും ചുററികയുമാണു് ചെങ്കൊടിയുടെ ചിഹ്നം.

19 അന്തിച്ചുകപ്പാർന്ന പടിഞ്ഞാറൻചക്രവാളത്തിലെ ചന്ദ്രക്കലയോടാണു് ചെങ്കൊടിയിലെ അരിവാളിന്നു സാദൃശ്യം; ഇരുട്ടിൽനിന്നു വെളിച്ചം കൊയ്തെടുക്കുന്ന വാളാണു് ആ ചന്ദ്രക്കല; അവരിരുവരും സഖികളാണെന്നു സാരം.

20 'ലോകത്തിൻെറയാകെ സ്വാതന്ത്ര്യമാണു് ദസോവിയററിൻെറ വിജയം ഉദ്ഘാടനം ചെയ്യുന്നതു്. ആ ആവേശത്തിൽ തൻെറ ഹൃദയത്തോട്ടം ഒന്നു തുടിക്കുവാൻ, ജൈത്രപടഹമടിക്കാൻ, കവി ആവശ്യപ്പെടുന്നു.

# ക്ഷമാപണം*

കാലമാം ക്രൂരമാന്ത്രികനെന്തിനോ
ലീലയാലൊരു മങ്ങിട്ടമന്തിയിൽ
ഒന്നുഴിയവേ താരകചന്ദ്രകം
മിന്നുമാനീലമാകിന പിഞ്ഛരിക,1
പാവനാദർശവാദജ്വരമാർന്ന2
പാവമിക്കവി വീണുപോം നിദ്രയിൽ,
കേരളത്തിൻ മടിയിലുണരും ഹാ,
കേവലമൊരു പുല്ലോടിയായിവൻ!3

---

* 'ജൈത്രപടഹ'ത്തെ ഉപഹസിച്ചുകൊണ്ടു് 'അരുണൻ' എന്നൊരാൾ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ഒരു രസികൻ ലേഖനമെഴുതിയിരുന്നതിന്നു 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽത്തന്നെ ആവിർഭവിച്ച ഒരു മറുപടി.

1 കലാഗതി കാണാത്തവനോടു ക്രൂരത കാട്ടുന്ന ഒരു മന്ത്രവാദിയാണു് കാലം; അയാൾ തൻെറ ഇന്ദ്രജാലം കാണിക്കുവാൻ, കേവലമൊരു വിനോദമെന്നോണം, നക്ഷത്രക്കണ്ണുകൾ കിടന്നു തിളങ്ങുന്ന ആകാശമാകുന്ന ആ നീലമയിൽപ്പീലിയെടുത്തു്, ഏതോ ഒരുദിവസം സന്ധ്യയ്ക്കു്, ഒന്നുഴിഞ്ഞേക്കും—കഴിഞ്ഞു, അതോടുകൂടി ലോകമാകെ മാറും. ചന്ദ്രകം—മയിൽപ്പീലിക്കണ്ണു്.

2 'ജ്വരജല്പനം' എന്നായിരുന്നു 'അരുണൻ' തൻെറ പരിഹാസലേഖനത്തിന്നു കൊടുത്ത തലക്കെട്ടു്. കവി പറയുന്നു, തനിക്കു ജ്വരമായിരിക്കാം, പക്ഷേ, ഉന്നതാദർശങ്ങളോടുള്ള കൂറാണു് തൻെറ ജ്വരത്തിന്നു മൂലം.

3 കാലമാന്ത്രികൻ ആളുകളെ ഉറക്കും, ഉണർത്തും. കവി വിനീതനാണു്; നാളത്തെ ലോകത്തിൽ താൻ വെറുമൊരു പുല്ലോടിയായിട്ടായിരിക്കും ഉണർന്നെഴുന്നേല്ക്കുക; പക്ഷേ, താനും അന്നുണർന്നെഴുന്നേല്ക്കും, അതു കേരളത്തിൻെറ മടിയിൽത്തന്നെയുമായിരിക്കും.

തൻപരിണാമമന്ത്രവാദത്തിനാൽ
വൻപനാം കാലമെന്തെന്തു ചെയ്‌വീല!

അന്നുമുള്ളൂടസ്വാതന്ത്ര്യവാഞ്ഛകൾ
നിന്നുതുള്ളിടും നാമ്പുകൾതോറുമേ;

അന്നുമെല്ലാർക്കും കാററും വെളിച്ചവു-
മെന്നുരസ്സാനുഴറുമെൻ മൂകത.4

താവുമീപ്പരിഹാസമന്ദസ്മിതം
തൂവുമെൻ തോഴരാകു 'മരുണ'നും

മേവീടുമന്നരികവേ മുള്ളാർന്നു
പൂവിടും കൊച്ചു 'ചട്ടുകക്കള്ളി'യായ്.5

ഹാ, വിജയിയാം സാമ്യവാദത്തിനു
ഭാവി 'ജൈത്രപടഹം' മുഴക്കവേ,

ചാരവർണ്ണച്ചിരിയെഴും തോഴർതൻ–
ചാരവേ നില്ക്കുമക്കൊച്ചു പുല്ക്കൊടി,

ഒന്നുണരുകി, ലൊന്നു നുള്ളീടുകി,-
ലൊന്നു കോൾമയിർക്കൊൾകിൽ, ക്ഷമിക്കുക!6

---

4 പുതിയ ലോകത്തിൽ തനിക്കു ശബ്ദിക്കാൻ പററാതാകുമോ എന്നു കവിക്കു ഭയമില്ലായ്കയില്ല; പക്ഷേ ഇന്നത്തെപ്പോലെ അന്നും താൻ ഉന്നതാദർശങ്ങൾക്കുവേണ്ടിത്തന്നെ നിലകൊള്ളും.—ഈ ആദർശങ്ങളുടെ അവസാനവിജയത്തിൽ കവിക്കു പൂർണ്ണവിശ്വാസമുണ്ടു്.

5 താൻ പുല്ക്കൊടിയാകുമെങ്കിൽ, 'അരുണൻ' ഒരു ചട്ടുകക്കള്ളിയായിട്ടാണു മാറുക: മുള്ളും പൂവുമാണു് ഈ സസ്യത്തിന്റെ സവിശേഷതകൾ ('പരിഹാസമന്ദസ്മിതം')

6 'അരുണൻ' എത്ര പരിഹസിച്ചാലും, താനും 'അരുണ'ന്റെ

എത്ര രാവിൻെറ ചോര പുരണ്ടത-
ല്ലത്ര രമ്യമുഷസ്സിൻെറ ചെങ്കൊടി,
എങ്കിലുമതു ജീവിതാനന്ദത്തിൻ-
പൊൻകിരണം പൊഴിയുകയല്ലയോ?7

---

അരികത്തുതന്നെ ഒരു തോഴനെപ്പോലെ നിലകൊള്ളും. എന്നാൽ, സോഷ്യലിസത്തിൻെറ ജയഭേരി ചുററുപാടും മുഴങ്ങുമ്പോൾ, തനിക്കു ശബ്ദിക്കാൻ സാധിച്ചാലും ശരി, ഇല്ലെങ്കിലും ശരി, (ഇതുതന്നെ കണ്ടറിയണം) ആ ജയഭേരിയിൽ തനിക്ക് ആവേശം കൊള്ളാതിരിക്കാൻ നിവൃത്തിയില്ല. അതിൽ 'അരുണൻ' പരിഭവിക്കാതിരിക്കുമാറാകണം!

7 രാത്രിയുടെ കൈയാണു് രക്തപങ്കിലം; രാവിൻെറ പ്രഹരമാണു് പ്രഭാതത്തിൻെറ പതാകമേൽ ചോരചിതറുന്നതു്, അതിനെ ചുവപ്പിക്കുന്നതു്: തല്ലിൻെറ ഊക്കു് എത്രത്തോളമുണ്ടോ, അത്രത്തോളമുണ്ടു് കൊടിയുടെ തുടുപ്പും—എന്തായാലും ശരി, ജീവിതാനന്ദത്തിൻെറ സുന്ദരരശ്മികളല്ലേ അതിൽനിന്നു പൊഴിയുന്നതു്? ഉഷസ്സിൻെറ ഉദയാഹ്ലാദത്തിൽ ആർ പരിഭവിക്കും?

# വൃദ്ധ*

വടിയും കുത്തിക്കുത്തി
  മുററത്തേയ്ക്കിറങ്ങിച്ചെ–
ന്നടി വേച്ചുപോം വൃദ്ധ
  വിളിച്ചാരം വണക്കത്തിൽ 1

"മകനേ"2,–പറമ്പിൻെറ-
  യുടമക്കാരൻ മുററ-
ത്തകലെ3യിരിക്കയാം
  മുറുക്കാൻപൊതി നീർത്തി.

ഒരു മാവൊ, രുമാവു
  മാത്രമുണ്ടാ മണ്ണീടി–4

---

* കേരളത്തിലെയും ഇന്ത്യയിലെയും ആധുനിക ജന്മികുടിയാൻ ബന്ധത്തിൻെറ ധാർമ്മികമായ തകർച്ച കാട്ടുന്ന മറെറാരു ഗ്രാമീണ ഖണ്ഡകാവ്യം.

1 വടികുത്തിക്കൊണ്ടുള്ള നടത്തവും വേച്ചുവേച്ചുകൊണ്ടുള്ള കാൽവെപ്പും അവളുടെ പ്രായാധിക്യത്തെയും, വിളിയിലുള്ള വണക്കം അവളുടെ താഴ്ന്ന സാമുദായികനിലയേയും വ്യക്തമാക്കുന്നു.

2 വിളിക്കപ്പെട്ടുന്നാൾ—പറമ്പിൻെറ ജന്മി—താരതമ്യേന ഒരു യുവാവാണെന്നു സ്പഷ്ടം.

3 'അകലം' അയിത്തത്തിൻെറയോ തീണ്ടലിൻെറയോ അല്ല; ജന്മിയും കുടിയാനും തമ്മിലുള്ളതാണു്.

4 ആ സാധുവൃദ്ധയുടെ കൊച്ചുമൺകുടിൽ.

ന്നരുകിൽ പ്പറമ്പിന്റെ
തണലും മുതലുമായ്[5]

കണ്ണുകൾ കുളിർന്നിടും-
മാവുപൂങ്കുലകളി-

ലുണ്ണികൾ തിരിയുവാൻ
തുടങ്ങുന്നതേയുള്ളു,

കിഴവിക്കപ്പോഴേയ്ക്കു-
മുള്ളിലായിരം മോഹ-

മഴകിൽത്തിങ്ങിക്കൂടി
മാനസം മധുരിച്ചു.

അക്കണ്ണെക്കൊരിക്കലും
പൂത്തതായറിവീല-

ച്ചക്കരമാവാ; മാവും
വെട്ടിക്കാനത്രേ ഭാവം!

രണ്ടുകൊല്ലത്തെ പ്പാട്ടം
തീരണം, വിററീടാനെ-

ന്നുണ്ടു വൃദ്ധയ്ക്കാ വീട്ടി-
ലടുപ്പിൻ കല്ലല്ലാതെ!

പോയ കന്നിയിലാണാ-
പ്പാവത്തിൻ 'കണ്ടാൽബ്ഭേദ'-

---

5 സാധുകുടിയാന്മാരുടെ കൈവശം ഭൂമികൾ, കൃഷിച്ചെലവിന്നു വകയില്ലാത്തതുകൊണ്ടും, ഉടമകളുടെ അനാസ്ഥകൊണ്ടും, ക്രമേണ കേവലം തരിശായിത്തീരുന്ന കാഴ്ച!

മായ പൊന്മകളപ-
സ്മാരത്താൽ മൃതയായീ.

ഒററുകാരനാം ക്രൂര-
ദാരിദ്ര്യം ചാരിത്രത്തെ

വിററുതിന്നാനാസ്സാധു-
പ്പെണ്ണിനൊട്ടരുന്നിന്നു.

ആയവളിരുന്നപ്പോൾ
വൃദ്ധയ്ക്കു നാമം ചൊല്ലി-

പ്പായയിൽക്കൂടാം പുറ-
ത്തൊ,ന്നുമന്നറിയേണ്ട.

ആ മകൾക്കൊരു കൊച്ചു-
മകനുണ്ട;വൻ ജന്മി-

യാമയാളുടെ തനി-
ച്ഛായയാണെ,ന്തോമൂലം.

ആളുകളവനെയെ-
ങ്ങാനുമേ കണ്ടാൽച്ചൊല്ലും

പൂളവച്ചോരോന്ന,വൻ
തലയും കുനിച്ചോട്ടും.

ഇല്ലവന്നുടമസ്ഥ-
നായൊരാൾ, കശുമാവിൻ

ചില്ലമേലണ്ണാനോട്ട
ചിലച്ചങ്ങനെ കൂട്ടം6

6 ഗ്രാമീണജീവിതത്തിൻെറ സദാചാരപരമായ അധഃപതന
മാണു് കവിക്ക ഹൃദയവേദനയുളവാക്കുന്നതു്; 'കണ്ടാൽബ്'ഭേദ'മായ

"മകനേ", —രണ്ടാമത്തും
വിളിക്കെ, മുള്ളാൽക്കാതി-
ന്നകമേ കോറും പോലെ-
യുള്ളൊരസ്വരസത്തിൽ
പുരികം ചുളിച്ചൊന്നു
നീട്ടത്തിൽത്തുപ്പിക്കൊണ്ടി–
ത്തിരി ഗൗരവത്തോടേ
തിരിഞ്ഞാൻ പണക്കാരൻ.
"മകനേ, മറിച്ചൊന്നും
തോന്നരുതാ മാവെൻെറ–
വകയായ് നിന്നാൽ കൊള്ളാം,
ഞാൻ ചത്താൽ ചുടാൻവേണ്ടി."
ചില്ലകളിറക്കുവാൻ
കാച്ചിച്ച കൈക്കോടാലി
നല്ലപോൽക്കല്ലിൽത്തേച്ച
മൂർച്ഛനോക്കമാശാരി
നിന്ന ദിക്കിൽനിന്നർത്ഥ-
ഗർഭമാം ചിരി ചുണ്ടിൽ
വന്നതു തുടച്ചൊന്നു
ചുമസ്സുമാത്രം ചെയ്തു.7

---

'പൊന്മകൾ'; അവളിൽ ജന്മിയുടെ 'തനിച്ഛായ'യിലും, എങ്കിലും അച്ഛനില്ലാതെയും, ഉണ്ടാവുന്ന കുട്ടി; കുട്ടിയുടെ അമ്മയുടെ അകാലമൃത്യു; മുത്തശ്ശിയുടെ ജീവിച്ചിരിപ്പ്; അവസാനം, മരച്ചില്ലകളിലെ അണ്ണാനല്ലാതെ മററാരും ഈ സമുദായത്തിൽ ആ കുട്ടിക്കു കൂട്ടാളിയായില്ലാതാവലും!

7 മാവുമുറിക്കലിൻെറ നാന്ദിയാണിതു്. ആശാരി ഒരു പാവ

“എന്മകളവളിരു-
ന്നെങ്കിൽ!” നിർത്തിനാൾ വൃദ്ധ;
ചിമ്മിടും മിഴിയിൽനി-
ന്നടർന്നു തീയിൻതുള്ളി. 8

“പോ, തള്ളേ! പഴമ്പുരാ-
ണങ്ങളുംകൊണ്ടോ; പ്പെണ്ണിൻ
പ്രേതമീ വരാനുള്ള
പാട്ടം തന്നടയ്ക്കുമോ? 9

ചേതമുണ്ടെനിക്കെന്റെ
മുതൽപോയാ, ലീ മാവിൻ-
കാതൽ കൊണ്ടെനിക്കൊരു
കേവഞ്ചി പണിയണം”.

പാതി പുച്ഛത്തിൽ, പ്പാതി
കോപത്തിലേവം ജന്മി-
യോതിനാൻ; മരവിച്ചു-
നിന്നുപോയ് മാവുംകൂടി! 10

---

മായിരിക്കാം; പക്ഷേ, അയാളുടെ കോടാലിയും ജന്മിത്വത്തിന്റെ ‘മൂർച്ച’യുടെ ചിഹ്നമാണെന്നു കാണാം.

8 കണ്ണുനീർത്തുള്ളിയല്ല, തീത്തുള്ളി!

9 എന്നിട്ടും, ഇങ്ങോട്ടു ‘വരാ’നുള്ളതെന്തോ, അതിൽ മാത്രമേ ജന്മിക്കു ശ്രദ്ധയുള്ളു. ചുമതലകളെല്ലാം ഇങ്ങോട്ട്—ഇങ്ങോട്ടുമാത്രം!

10 ആ ചരിത്രം മുഴുവനറിയുന്ന മാവിന്നായിരുന്നു മനുഷ്യരേക്കാൾ കൂടുതൽ പ്രതിഷേധസൂചകമായ വികാരം. കവി ഈ കവിതയിലങ്ങോളമിങ്ങോളം ഉപയോഗിച്ചിട്ടുള്ള ഭാഷയുടെ അങ്ങേയററത്തെ സാധാരണത്വം, അലങ്കാരശൂന്യത, പ്രത്യേകം ശ്രദ്ധേയമത്രെ.

# പ്രതികാരം*

പൊന്നു ചിങ്ങത്തിൽത്തിരു-
വോണമാണിന്നെൻ; നാട്ടിൽ-
നിന്നുമെത്രയോ കാതം
ദൂരെയാം ഞാനെന്നാലും,

മാമകഹൃദന്തരം
ചിറകിട്ടടിക്കുന്നി-
താമനോഹരമായ
മലനാട്ടിലേയ്ക്കെത്താൻ.

ശാന്തിയെ വിളംബരം
ചെയ്യുമാറഴഞ്ഞ ഞാ-
ണേന്തിടും ചേരന്മാർതൻ
കേതുചിഹ്നമാം ചാപം[1]

---

* 1944-ലെ തിരുവോണത്തിൻനാൾ ഇററലിയിൽ പടവെട്ടുന്ന ഒരിന്ത്യൻപടയാളിയുടെ ചിന്ത.

1 അന്യരെ ആശ്രയിക്കാതെ കേരളത്തിൽപ്പണ്ട ഭരണം നടത്തിയിരുന്ന ചേരരാജാക്കന്മാരുടെ കൊടിയടയാളം; അഴഞ്ഞ ഞാൺ സമാധാനവാഞ്ഛയുടെ വിളംബരം.

ഇന്നുമാ ശ്യാമളായത-
　　മലയാചലപങ്ക്തി[2]
മിന്നുമെൻ നാടിൻരൂപ-
　　മോർമ്മയിൽ വരയ്ക്കുന്നു.
അങ്ങൊരു മരതക-
　　ക്കുന്നിൻെറ താഴത്താണ
ത്തങ്ങുകൾ കുടചൂടി-
　　ല്ലീടുമെൻ ചെറുകുടിൽ.

ലീലയിൽ ഗ്രാമത്തിൻെറ
　　പച്ചപ്പട്ടിന്മേൽ മുത്തു-
മാലയൊന്നണിയിച്ചു
　　മൂളിപ്പാട്ടുകളോടെ,

ചിരിച്ചു പുളച്ചുകൊ
　　ണ്ടാവഴിക്കെത്തിച്ചുററി-
ത്തിരിഞ്ഞു പടിഞ്ഞാട്ടു
　　പോകുന്നുണ്ടൊരു ചോല.

വേല ചെയ്തടിമുടി
　　വിയർത്തു പാടംവിട്ടു,
വേനലിലിളംനീരു-
　　പോലെഴുമാ വെള്ളത്തിൽ

---

2 വളഞ്ഞുലഞ്ഞു നീണ്ടുകിടക്കുന്ന സഹ്യപർവ്വതനിര—ഇതിനെ കേരളമാകുന്ന നീണ്ടുനിവർന്ന വില്ലിൻെറ അഴഞ്ഞ ഞാണായി സങ്കല്പിച്ചിരിക്കുന്നു. കേരളത്തിൻെറ ആകൃതിതന്നെ സമാധാനത്തിൻെറ വിളംബരമാണു്; യുദ്ധമുന്നണിയിൽ പടവെട്ടുന്ന പടയാളിക്കു് അതെല്ലാം ഓർമ്മവരുന്നു.

ഒന്നുമുങ്ങിയാലട-
സ്സാമരപ്പച്ചത്തോപ്പ്
ചെന്നലച്ചെത്തും കുഞ്ഞി-
ക്കാറ്റേററാൽ ക്ഷീണം തീർന്നു.

കൊച്ചുതൊട്ടിയിൽപ്പൂവും,
ചെഞ്ചുണ്ടിൽപ്പാട്ടും, നെഞ്ചിൽ
വാച്ചിടുമാഹ്ലാദവും
നിറഞ്ഞ പൊൻകുഞ്ഞുങ്ങൾ

—ഓണമല്ലയോ—ക്കൂട്ടം
പൂക്കളെത്തിനു ചുററും,
പ്രാണനിൽ സ്നേഹംതളിർ-
ത്തച്ഛനമ്മമാർ നോക്കും[3]

അഞ്ചു ചിങ്ങമായിപ്പോൾ[4]-
ക്കണ്ടിട്ടു ഞാനെൻ കൊഞ്ചും—
പിഞ്ചുപൈതലിൻ മുഖം;
—നയനം നനയുന്നു.

മാറുവിൻ മലകളേ!
മായുവിൻ കടൽകളേ!
നീറുമെൻമനം ചെന്നാ—
വദനം മുകരട്ടേ!

---

3 ഓണച്ചിത്രങ്ങൾ; ശാന്തിനിറഞ്ഞ സുന്ദരസ്മരണകൾ.

4 1939 സെപ്റ്റമ്പർ 3-ാം തീയതിയാണു് ബ്രിട്ടൻ ജർമ്മനിയുടെമേൽ യുദ്ധം പ്രഖ്യാപിച്ചതു്; പടയാളികളെ അന്നുതന്നെ ആഫ്‌റിക്കയിലേക്കും മററും കൊണ്ടുപോയ്ക്കൊണ്ടിരുന്നു. 1944-ൽ തിരുവോണം സെപ്റ്റമ്പർ 1-ാം തീയതിയായിരുന്നു; അന്നേക്കു് 5 കൊല്ലം തികയാൻ 2 ദിവസമേ പോരായ്കയുള്ളു!

അഞ്ചു് പൊന്നോണം പോയീ,
വിളക്കും, സ്മിതത്തിനാൽ—
ചെഞ്ചൊടിത്തളിർവക്കും,
തെളിയിച്ചു് കൊണ്ടൊരാൾ
ലോലമാമൊരു വള
മിന്നൽപോൽത്തിളങ്ങുന്ന
പേലവകരം കൊണ്ടു
വിളമ്പും ചോറുണ്ണാതേ![5]

കുമ്പിടുമാഫ്രിക്കതൻ
മുടിയിൽച്ചവിട്ടുവാൻ
വെമ്പുന്ന യൂറോപ്പിൻെറ-
യുദ്ധതപാദംപോലെ
ഭൂപടത്തിലേക്കൊന്നു
നോക്കിയാൽക്കാണാ 'മർദ്ധ-
ദ്വീപ' മൊന്നതിലൊരു
കുന്നിലാണിവനിപ്പോൾ.

---

5 പടയാളി തൻെറ ഭാര്യയെ സ്മരിക്കുന്നു. ('ഭാര്യ' എന്നു പറയാതെ 'ഒരാൾ' എന്നുമാത്രം പറഞ്ഞു് കവി ആ സ്മരണയുടെ മാർദ്ദവവും മൂർച്ചയും ഇരട്ടിപ്പിച്ചിട്ടുള്ളതു നോക്കുക.) മുമ്പിൽ വെച്ചിട്ടുള്ള വിളക്കു്, ചുണ്ടത്തു തെളിയുന്ന പുഞ്ചിരി, മിന്നിത്തിളങ്ങുന്ന കൈവള—അഞ്ചു കൊല്ലമായി അങ്ങനെ വിളമ്പിക്കിട്ടുന്ന ചോറുണ്ടിട്ടു്! അതും ഈ പട്ടാളക്യാമ്പിലെ തീനും തമ്മിലെന്തൊരന്തരം!

6 ഇററലി, മദ്ധ്യധരണ്യാഴിയിലെ ഈ അർദ്ധദ്വീപിനു് ആഫ്റിക്കയെച്ചവുട്ടാൻ പൊക്കിയ യൂറോപ്പിൻെറ ബൂട്സിട്ട കാലിനോടാണു സാദൃശ്യം. ഉദ്ധതപാദം=ധിക്കാരപൂർവ്വം പൊക്കിയ കാൽ.

BALABHAVAN & CHILDREN'S LIBRARY

മുഗ്ദ്ധവെൺപറവക-[7]
ളിടയിൽപ്പാറും നീല-
സ്നിഗ്ദ്ധനീരദമാല-[8]
യല്ലെൻറ മേൽബ്ഭാഗത്തിൽ;

തീമഴ[9] പൊഴിച്ചുഗ്ര-
ദർശനം[10] വിഹരിക്കും
വ്യോമയാനൌഘം[11] ചൂഴും
പീരങ്കിപ്പുകയത്രേ.

പുത്തനാമൊരാശയാൽ
പ്പുളകം കലർന്നീഷ-
ദ്രക്ത[12]മായ്ത്തീരും നാടിൻ
നിർമ്മല കപോലംപോൽ,

ചെന്നെല്ലാൽ ചെമ്മേറുന്ന
പാടങ്ങളല്ലെൻ ചുറ്റും;
ചെന്നിണം നുരകുത്തും
യുദ്ധഭൂമികളത്രെ.[13]

---

7 വെള്ളിൽപ്പറവകൾ—മേഘങ്ങൾക്കിടയിൽ ഇവ പറക്കാറുണ്ടെന്നു കവിസങ്കേതം.

8 കറുപ്പും മിനുപ്പുമെഴുന്ന മേഘക്കൂട്ടം.

9 ബോംബുവർഷം.

10 കണ്ടാൽ ഭയം തോന്നുന്നവിധം.

11 വിമാനങ്ങൾ. പീരങ്കിപ്പുകയുടെ നടുവിൽ വിമാനങ്ങൾ പറക്കുന്ന ആ അന്തരീക്ഷമെവിടെ! മേഘങ്ങൾക്കിടയിൽ വെള്ളിൽപ്പറവകൾ പറക്കുന്ന കേരളമെവിടെ!

12 ഇളം തുടുപ്പുവർണ്ണത്തോടുകൂടിയതു്.

13 ചുവന്ന നെല്ക്കതിരുകളാൻ ചന്തംതിരണ്ട തൻെറ നാട്ടിലെ വയലുകൾ നാടിൻെറ ആശയാൽത്തുടുത്ത കവിളുകൾപോലെ പട

വീരകീർത്തിയാം മൂടൽ-
മഞ്ഞു[14] പൊങ്ങുവാനല്ല,
ചോരയാൽ സാമ്രാജ്യശ്രീ-
തൻകഴൽ പൂശാനല്ല,[15]

തലകൊയ്‌വതിൻ കൂലി-
വാങ്ങിച്ചെൻ കുടുംബത്തിൻ
നിലയൊന്നുയർത്തുവാ-
നല്ല[16] മാമകമോഹം—

മാമകമോഹം, മററു
ഖണ്ഡങ്ങൾക്കെല്ലാം കൈകൾ—
ക്കാ, മമേകിയ മഹാ-
സത്വയാം യൂറോപ്പിനെ,

നിജകർമ്മത്തിൻ കെട്ടിൽ-
നിന്നു, ചങ്ങലവച്ച
ഭുജത്താലഴിക്കുവാൻ—
ഇന്ത്യതൻ പ്രതികാരം![17]

---

യാളിയുടെ ഓർമ്മയിൽ ഉയരുന്നു; പക്ഷേ, അവയൊന്നുമല്ല തന്റെ ചുററും ഇപ്പോഴുള്ളതു്, ചോര പതച്ചൊഴുകുന്ന പടക്കളങ്ങളാണു്!

14 പീരങ്കിപ്പുക.

15 സാമ്രാജ്യലക്ഷ്മിയുടെ കാലിൽ ചോരകൊണ്ടു കുങ്കുമം പൂശാനല്ല (സുന്ദരിമാരുടെ കാലടികളിൽ കുങ്കുമച്ചാറണിയിക്കുക പണ്ടു പതിവായിരുന്നു.)

16 താൻ പടവെട്ടുന്നതു കേവലം ചോററുപടയാളിയായിട്ടല്ല.

17 അന്യഭൂഖണ്ഡങ്ങളെ ചങ്ങലയ്ക്കിട്ട യൂറോപ്പിനെ തന്റെ ചങ്ങല വെച്ച കരങ്ങൾകൊണ്ടു് ഇന്ത്യക്കാരൻ സ്വതന്ത്രമാക്കുന്നു—ഇതാണു് അയാളുടെ പ്രതികാരം! 'നിജകർമ്മത്തിൻകെട്ടു്'—ഫാഷിസത്തിന്റെയും നാസിസത്തിന്റെയും തിരിച്ചടി.

[18] എങ്കിലും വിളറിയ
  കവിളിൽക്കോലും കണ്ണീർ
ചെങ്കതിർവിളക്കി[14]ലെ
  പ്രഭയാൽ പ്രകാശിക്കെ,

മംഗളാചാരത്തിന്നു
  'പത്തുപൂ'പോലും ചൂടാ-[20]
തംഗലാവണ്യം മാത്രം
  മെലിഞ്ഞ മെയ്യിൽച്ചാർത്തി[21]

ഉരുളയുരുട്ടിയ-
  ത്തുണ്ണാനും മറന്നി,ല-
 സ്സുരികത്തിരിക്കുമാ
  ദ്ദീനദർശനരൂപം[22]

മാമകഹൃദന്തത്തെ-
  യങ്ങോട്ടു വലിക്കുന്നു;
മാറുവിൻ മലകളേ!
  മായുവിൻ കടൽകളേ!

---

18 പടയാളി വീണ്ടും തന്റെ വിരഹിണിയായ പത്നിയുടെ രൂപം മനസ്സിൽ സങ്കല്പിക്കുന്നു.

19 ഗ്രാമീണഗൃഹങ്ങളിൽ കൊളുത്തുന്ന നാടൻഎണ്ണവിളക്കിന്റെ രശ്മികൾ തെല്ലു ചുവന്നിരിക്കും.

20 മലയാളിഹിന്ദുക്കൾ മംഗളാവസരങ്ങളിൽ 'ദശപുഷ്പം' ചൂടുക ഒരു പതിവാണു്.

21 മെയ്യ് മെലിഞ്ഞാലും, വിദൂരസ്ഥനായ ഭർത്താവിന്റെ സങ്കല്പത്തിൽ, അവളുടെ 'അംഗലാവണ്യം' പൊയ്പ്പോയിട്ടില്ല; പക്ഷേ, ആ സൗഭാഗ്യം മാത്രമാണവൾക്കു വിഭൂഷ.

22 കാഴ്ചയിൽ ദയനീയമായ രൂപം! ഒരു നിലവിളക്കോ കോൽവിളക്കോ മുമ്പിൽ കൊളുത്തിവെച്ചു് ഇലസ്സുരികിലിരുന്നു് ഒററയ്ക്കു് ഉണ്ണാൻ ശ്രമിക്കുന്നതായിട്ടും അതിന്നിടയ്ക്കു മനോരാജ്യത്തിൽ മുഴുകുന്നതായിട്ടുമാണു്, എത്രയോ കാതം ദൂരേക്കിടക്കുന്ന തന്റെ വിരഹസന്തപ്തയായ ഭാര്യയുടെ രൂപം പടയാളി തന്റെ മനോമുകുരത്തിൽക്കാണുന്നതു്.

# വേട്ടക്കാരൻ*

വിക്രമി [1]ദിനാഖേടകൻ താൻ വിശ്രമം-
ചക്രവാളക്കുടുക്കിൽനിന്നൂരുവാൻ[2]
തന്നുടലിൽനിറയവേ താരകാം-
മിന്നിടുമിരവാകിയ പുള്ളിമാൻ[3]
വെമ്പിനില്ക്കേ,പ്പിറകിൽനിന്നും കതി-
രമ്പിനാലെയ്തു വീഴിച്ചു നിർദ്ദയം[4]
ചെഞ്ചുടുചോര തൂകുമതിനെയും
പിഞ്ചുമലിലെടുത്തു വരികയായ്![5]
വൻപിയലുന്ന കാലം[6] മൃതിപാശം
പിൻപിൽനിന്നു ചുഴററിയെറിഞ്ഞതിൽ,

---

* കവി മരണഭയത്തിന്റെ ലജ്ജാകരതയെപ്പററി പ്രതിപാദിക്കുന്നു.

1 ദിവസമാകുന്ന വേട്ടക്കാരൻ.

2 ദിവസം വട്ടത്തിൽ വലിച്ചെറിഞ്ഞ ഒരു കുടുക്കായി ചക്രവാളത്തെ സങ്കല്പിച്ചിരിക്കുന്നു.

3 നക്ഷത്രചിത്രിതമായ രാത്രി, ദിവസത്തിന്റെ ചക്രവാളക്കുടുക്കിൽനിന്നു രക്ഷപ്പെടാൻ കിടന്നു പിടയുന്ന ഒരു പുള്ളിമാനത്രേ.

4 രാത്രിയെ ആദ്യം കുടുക്കെറിഞ്ഞുപിടിച്ചു; എന്നിട്ടിതാ, കിരണങ്ങളാകുന്ന അമ്പുകളെയ്തു വീഴ്ത്തുന്നു.

5 പ്രഭാതം ദിവസത്തിന്റെ വരവാണ്: രാവിലെ രാത്രിയെക്കാണാത്തത്, ദിവസം അതിനെ പിൻചുമലിൽ വഹിച്ചുവരികയാണെന്നതുകൊണ്ടാണ്; അതിന്റെ ചോരചിതറിയതാണ് പ്രഭാതത്തുടുപ്പ്.

6 സാക്ഷാൽ കാലം ഇതുപോലെയാണ്: ഒരു വേടൻ.

CHILDREN'S LIBRARY KOTTAYAM

ഭോഗവാസനാദാസനായ്[7] വീഴ്കിലും
നീ ഗതോന്മേഷനാകരുതിങ്ങനെ[8]
ഭാവിയിൽ വരുമമ്പിനെച്ചിന്തിച്ചാ-
ണീ വിറങ്ങലിപ്പെ,ത്ര ലജ്ജാകരം![9]
നീ മറക്കുക മൃത്യുവെ; ജ്ജീവിത-
മാമലതൻ തടത്തിലും മേട്ടിലും[10]
ആരചിക്ക പുളകമുളകളെ-
സ്സാരമാമാത്മസൗരഭവീചിയാൽ[11]
നീയനങ്ങാതെ നിന്നാൽ മൃതിക്കു തൻ—
സായകം നിന്നിലെയ്യാനെളുപ്പമാം.[12]
ആനന്ദത്തിൻ പൊടിപ്പുകൾ കാർന്നുകാ-
ന്നാനനം പിൻതിരിക്കാതൊരിക്കലും

---

7 ജീവിതസുഖേച്ഛയ്ക്കു് അടിമപ്പെട്ടുകൊണ്ടു്.

8 'നീ ഇങ്ങനെ നിരുത്സാഹനായിത്തീരരുതു്,'' എന്നു കവി തന്നോടുതന്നെ പറയുന്നു.

9 ജീവിതസുഖാസക്തിയിൽ പെട്ടതോടുകൂടി നാം കുടുക്കിൽപ്പെട്ടുകഴിഞ്ഞു; കാലം വീശുന്ന മരണക്കുടുക്കാണതു്. പക്ഷേ, ആ വേടൻെറ അമ്പെയ്ത്തിന്നു് ഇനിയും താമസമുണ്ടു്; നാളെ അതുണ്ടാവുമെന്നു വെച്ചു് ഇന്നുതന്നെ പേടിച്ചരണ്ടുപോകയോ? (നാളെ മരിക്കുമെന്നു വെച്ചു് ഇന്നത്തെ പണി ഇന്നു ചെയ്യാതിരിക്കുകയോ?)

10 ജീവിതത്തിൻെറ എല്ലാ തുറകളിലും (ഉപരിവിഷയങ്ങളിലും ദൈനംദിനകാര്യങ്ങളിലും).

11 നീ നിൻെറ സ്വന്തം ആഭ്യന്തരചൈതന്യത്തിൻെറ പരിമളമെടുത്തു തളിച്ചാൽമതി; ജീവിതത്തിൻെറ എല്ലാ ഭാഗങ്ങളും സസ്യച്ചാർത്തണിയും, രോമാഞ്ചംകൊള്ളും.

12 ഇളകുന്ന ലക്ഷ്യത്തിന്മേൽ എയ്തുകൊള്ളിക്കാൻ കൂടുതൽ വിഷമമാണല്ലോ; അതുകൊണ്ടു് ഇളകുക, പ്രവർത്തിക്കുക.

ഉന്നതധർമ്മസാനു[13]വിലേറുക
ഖിന്നതതൻ പടർപ്പിൽ[14]പ്പരുങ്ങാതെ.

പിന്നെയമ്പെയ്തു വീഴിച്ചാ നായാടി
നിന്നെയും തോളിലേററിനടക്കുമ്പോൾ

നിൻനിഗൂഢമാമാമോദത്താലവൻ-
തന്നിരുൾമേനി കോൾമയിർക്കൊള്ളട്ടെ![15]

---

13 കത്തവ്യത്തിന്റെ കട്ടംതൂക്കായ മലഞ്ചെരിവു്.

14 നൈരാശ്യത്തിന്റെ കുററിക്കാടുകളിൽ.

15 ഇങ്ങനെ നീ സ്വധർമ്മം പ്രവത്തിച്ചു മരിച്ചാൽത്തന്നെ, നിന്റെ മരിക്കാത്ത ആത്മാവിന്നു കാലത്തിന്റെ ഇരുണ്ട ഏടുകളിൽ ചില ശാശ്വതാക്ഷരങ്ങളെഴുതാൻ കഴിയും; അതായതു്, കാലം നിന്നെ ജയിക്കാൻ ശ്രമിച്ചിട്ടു്, ഒടുവിൽ നീ കാലത്തെ ജയിക്കുമെന്നു സാരം. വേട്ടക്കാരൻ വേട്ടയാടപ്പെട്ടു. (അപ്പോൾ, കവിയുടെ അഭിപ്രായത്തിൽ, മനുഷ്യാത്മാവിന്റെ അനശ്വരത്വം കേവലമായ ഒരു ദിവ്യാനുഗ്രഹമല്ല. നാം 'ഉന്നതധർമ്മസാനു'വിലൂടെ ഏറിയേറി മനഃപൂവ്വം നേടേണ്ടതും നേടാവുന്നതുമായ ഒരു നേട്ടമാണു്).

# പൂജ*

അംബ ഭാരതഭൂമി
        സുപ്രജ[1] നിജസ്നിഗ്ദ്ധ[2]
ചുംബനത്താലേ ധന്യ-
        മാക്കി നമ്മുടെ നെററി,

അതുളിച്ചെയ്തു, കേരളപ്പിൻ,
        കോമയിർക്കൊരുംവിൻ, "ഭദ്ര-[3]
മരുമക്കിടാങ്ങളേ!
        പൂജനാളിന്നാണല്ലൊ.

"മാമകഹൃദന്തര-
        സ്നേഹതീർത്ഥത്തിൽശ്ശുദ്ധി-
കാമരായ്[4]മുങ്ങി, പൂർവ്വ-
        മാലിന്യം പാടേ നീങ്ങി,

---

* ഇക്കൊല്ലത്തെ നവരാത്രിപൂജ പ്രമാണിച്ചെഴുതിയ കവിത; അന്നു ഹിന്ദു-മുസ്ലിം ഐകൃത്തിനുവേണ്ടി ബോംബേയിൽ ഗാന്ധി-ജിന്നാസംഭാഷണം നടക്കുന്ന അവസരമായിരുന്നു.

1 വീരമാതാവു്: ഉത്തമസന്താനങ്ങളോടുകൂടിയവൾ.

2 സ്നിഗ്ദ്ധം=സ്നേഹം നിറഞ്ഞ.

3 മംഗളം.

4 ആത്മപരിശുദ്ധിയെ കാംക്ഷിച്ചുകൊണ്ടു്.

"വരുവിൻ, ശുഭഭാവി-
തൻ നേർക്കെൻ പ്രതീക്ഷയാം
തിരിയും ജ്വലിപ്പിച്ചു
നീട്ടി ഞാൻ നിന്നീടുന്നു;

"മോദമാർന്നതാ കാല-
മാകിന ഗുരുവാശീർ-
വ്വാദമേകുന്നു വ്യോമാ-
നുഗ്രഹഹസ്തം പൊക്കി;[5]

"നിങ്ങൾ കൈവലിക്കല്ലേ![6]
വിരലിൻ തുമ്പാലിന്നാ-
മങ്ഗളാചാര്യൻ മുൻപിൽ-
പ്പരത്തും സംസ്കാരത്തിൽ[7]

"ഐക്യത്തിൻ സനാതന-
ഭാഷയിൽ[8]ച്ചേരും വർണ്ണ–

---

5 "നിങ്ങൾ നിരാശരാവേണ്ട. നിങ്ങളുടെ സ്വന്തം അമ്മയിതാ, വിളക്കിൽ തിരി ജ്വലിപ്പിച്ചു കാത്തുനില്ക്കുകയാണ്; കാലമാണ് നമുക്കെല്ലാം ഗുരു—അദ്ദേഹം നമ്മെ അനുഗ്രഹിക്കുകയാണ്." വിശാലവും ഉന്നതവുമായ ആകാശത്തെ, കാലം നമ്മുടെ മൂർദ്ധാവിനു മീതേ ഉയർത്തിപ്പിടിച്ചിട്ടുള്ള ആശീർവ്വാദഹസ്തമായി അധ്യവസാനം ചെയ്തിരിക്കുന്നു.

6 വിദ്യാരംഭമായി: അമ്മയും ഗുരുവുംകൂടി കുട്ടികളെക്കൊണ്ടു മണലിലെഴുതിക്കുന്നു. അതുകൊണ്ടാണ് 'കൈ വലിക്കല്ലേ' എന്ന് അമ്മ പറയുന്നത്.

7 കാലം നമ്മുടെ മുമ്പിൽപ്പരത്തുന്ന നവീനസംസ്കാരമാകുന്ന വെണ്മണലിൽ.

8 ഐക്യത്തിന്റെ ഭാഷ ഒന്നുമാത്രമാണ് 'സനാതനം', ഏതു കാലത്തും ആർക്കും മനസ്സിലാവുന്നത്.

മൊക്കെയ്യു[9]മെഴുത്തുവി,-
നാത്മാവാൽ വായിക്കുവിൻ!

“മററു ഭാഷകൾ പഠി-
ക്കുന്നതു വൃഥാതന്നെ,
മുററുമീയൈക്യത്തിൻെറ
ഭാഷയെ ഗ്രഹിക്കായ്കിൽ.”

---

9 “ഈ ഭാഷയിലുള്ള എല്ലാ ‘വണ്ണ’ങ്ങളും—അക്ഷരങ്ങളും—നിങ്ങളെഴുതണം.” (എല്ലാ ‘വർണ്ണ’ങ്ങളേയും—ജാതിമതസ്ഥരേയും—ഏകീകരിക്കണമെന്നത്ഥം; അതാണു് കാലം പരത്തുന്ന പുത്തൻമണലിൽ ഇക്കൊല്ലം നാം എഴുതിയഭ്യസിക്കേണ്ട ഭാഷ; അതിന്നാണു് ‘സനാതന’മായ വിലയുള്ളതു്.)